2023
ആഗസ്റ്റ്

ഒറ്റ പ്രതി : ₹10
Pages 08
Vol: 14
Issue : 8

# ക്രിസ്തീയ ദർശനം

ഒരു ബ്രദറൺ സഭാ വാർത്താ പത്രം

സത്യവചനം ≫ സാഹോദര്യം ≫ സ്വാതന്ത്ര്യം ≫ സഹവർത്തിത്വം

CHRISTHEEYA DARSHANAM

വാർഷിക വരിസംഖ്യ ₹100

Published From **Vadasserikkara**
RNI. No. KERBIL/2008/26466
**REGISTERED**
Postal Reg. No.
KL/PTA/89/2023-2025




# ഉമ്മൻചാണ്ടി ; കരുണയുടെ മുഖം

## ദയയും കരുണയും സമുന്വയിപ്പിച്ച ജനനായകൻ




**സൗ**മ്യൻ, വിനീതൻ, ക്ഷമാശീലൻ, കുലീനഭാഷിണി, സ്നേഹസമ്പന്നൻ, ആർദ്രതാമൂർത്തി. ഒരു മനുഷ്യനെ വിശേഷിപ്പിക്കാവുന്ന വിശേഷണങ്ങൾ ഒക്കെ ജീവിതത്തിൽ അണിഞ്ഞ വ്യക്തിത്വം ആയിരുന്നു ശ്രീ. ഉമ്മൻ ചാണ്ടി. ഒരു വലിയ ജനതയെ മുൻപിൽ നിന്ന് നയിക്കുമ്പോഴും ജനക്കൂട്ടത്തിൽ ഒരാളാകാൻ ആഗ്രഹിച്ച നേതാവ്. കേരള രാഷ്ട്രീയ സാമൂഹ്യചരിത്രത്തിൽ പകരം വയ്ക്കാൻ കഴിയാത്ത രാഷ്ട്രമീമാംസകൻ. ലോകമേ തറവാട് എന്നത് അദ്ദേഹത്തെ സംബന്ധിച്ച് കൃത്യമാണ്. വിഭാഗീയതകൾക്കപ്പുറം ജനഹൃദയങ്ങളിൽ കുടിയിരുത്തപ്പെട്ട മഹാ മനുഷ്യൻ. വ്യക്തിജീവിതത്തിലും, പൊതുജീവിതത്തിലും കളങ്കരഹിതമായി ജീവിക്കാൻ ആഗ്രഹിക്കുകയും, പരിശ്രമിക്കുകയും അതിൽ സമ്പൂർണ്ണമായി വിജയിക്കുകയും ചെയ്ത പരിശുദ്ധൻ. "എന്റെ ജീവിതമാണ് എന്റെ സന്ദേശം" എന്ന് തെളിയിച്ച രാഷ്ട്രീയക്കാരൻ. കേരളം കണ്ട സമാനതകളില്ലാത്ത ഈ നേതാവ് നൽകുന്ന സന്ദേശം "ദൈവവിശ്വാസവും ദൈവഭയവുമാണ് എന്റെ ജിവിതത്തിന്റെ അടിസ്ഥനം". ഈ അനശ്വരനായ നേതാവിന്റെ ഓർമ്മകൾക്ക് മുമ്പിൽ ക്രിസ്തീയദർശനം വാർത്താപത്രം ആദരാഞ്ജലികൾ അർപ്പിക്കുന്നു.

# BRETHREN DISTINCTIVES 29




## THE DOCTRINE OF TRINITY 05



**Dr. Johnson C. Philip**

Question: How can Jesus be God when He can only do what He sees the Father do (John 5:19)?

Answer: You have quoted just one verse out of a paragraph made up of multiple verses. Obviously, quoting just a single statement out of a related-cluster of sentences can turn the meaning upside down. That is the problem with your question.

Actually Lord Jesus was replying to their accusations in verse 18: "…said also that God was his Father, making himself EQUAL with God". When they accused Lord Jesus in this manner, the Lord replied them. This reply is found from verse 19 up to 47, a very long reply indeed. In the above reply the Lord made it clear that He and Father are definitely co-equal, but that they have chosen different roles. The role played by the Father is different from that played by the son. This is not because of inequality but rather a division of work among equals. And then the Lord says the He sees what the Father does and then does the same so "That all men should honour the Son, even as they honour the Father" (Verse 23).

In other words, you are confused because you have picked up just one isolated verse from a statement that is about 30-verses long. Please read the whole statement in context and it will become clear that Lord Jesus made it clear in this passage that He and Father are co-equal, but that they have chosen different tasks and roles.


Question: If no man has seen God at any time, how can Jesus be God (John 1:18) because numerous people were able to see Him.

Answer: Each statement of the Bible should be interpreted in context. Else we would end up messing up the intended meaning. The verse you quoted is from Lord Jesus who makes it clear in context that nobody can see God in His actual (omniscient, omnipotent, omnipresent) form. However, when He came to this world, Lord Jesus took

▶▶5

# എക്ളേസിയ എന്ന ദൈവസഭ

## സ്ഥലംസഭയുടെ സ്വയംഭരണാവകാശവും പരസ്പരാശ്രിതത്വവും





**ഡോ. കെ. സി. ജോൺസൺ**

**ബ്ര**ദ്റൺ എന്ന പേരിൽ പൊതുവെ അറിയപ്പെടുന്ന സ്ഥലംസഭകൾക്ക് മറ്റുള്ള സഭകളെപ്പോലെ വിവിധ സഭാംഗങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട ഒരു കേന്ദ്രീകൃത ഭരണ സംവിധാനവും അതിന്റെ സുഗമമായ നടത്തിപ്പിനുവേണ്ടിയ നിയമാവലിയും ഇന്ന് ഇല്ല എന്നത് വളരെ വലിയ കുറവായി കാണുന്ന അനേകരുണ്ട്. കഴിഞ്ഞ നാളുകളിൽ മറ്റുള്ള സഭകളിൽ നിന്നുള്ളവരായിരുന്നു ഇക്കാര്യത്തിൽ ബ്രദ്റൺ സഭകളെ വിമർശിച്ചിരുന്നതെങ്കിൽ ഇന്ന് വിമർശിക്കുന്നവർ കപ്പലിൽ തന്നെ ഉള്ളവർ ആണ്. ബ്രദ്റൺ സഭകളുടെ നിലനില്പിനും വിശ്വാസികളുടെ സംരക്ഷണത്തിനും ഇവയെല്ലാം അത്യന്താപേക്ഷിതമാണ് എന്ന് പ്രസംഗിക്കുകയും മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുകയും ചെയ്യുന്നവർ ഇന്ന് അനേകരാണ്.

### 1. സ്ഥലംസഭകളുടെ കേന്ദ്രീകൃതഭരണ സംവിധാനം വചനപരമല്ല

ബൈബിളിലെ ഉപദേശങ്ങളെ അവഗണിച്ചുകൊണ്ടും തള്ളിക്കളഞ്ഞുകൊണ്ടുമുള്ള ദൈവസഭകളുടെ കേന്ദ്രീകൃത ഭരണസംവിധാനവും അതിന്റെ നിയമാവലിയും ദൈവമക്കൾക്ക് യോജിച്ചതല്ല. ഇത്തരം ഭരണഘടന വചനാധിഷ്ഠിതമല്ല. വിദ്യാഭ്യാസം, കുടുംബമാഹാത്മ്യം, സമ്പത്ത് തുടങ്ങിയവയ്ക്ക് പ്രാധാന്യം നൽകി തെരഞ്ഞെടുക്കപ്പെട്ട ഭരണാധികാരികളും സ്ഥാനവും മാനവും അധികാരവും ലക്ഷ്യമാക്കിയുള്ള കേന്ദ്രീകൃത ഭരണസംവിധാനവും ബൈബിളിൽ നിന്നും നമുക്ക് ലഭിച്ചിരിക്കുന്ന അപ്പൊസ്തലിക മാതൃകയ്ക്കും ഉപദേശത്തിനും വിരുദ്ധമാണ്.

### 2. സ്ഥലംസഭകളുടെ സ്വയംഭരണാവകാശം

ദൈവവചനം വളരെ വ്യക്തമായി പഠിപ്പിക്കുകയും വേർപെട്ട ദൈവജനം വളരെ പ്രാധാന്യം നല്കുകയും ചെയ്യുന്ന ഒരു ഉപദേശമാണ് പ്രദേശിക ദൈവസഭകളുടെ സ്വയംഭരണാവകാശം. "സ്ഥലംസഭ സ്വതന്ത്രമാണെന്ന്" പറയുന്നതിനെക്കാളും "സ്വയംഭരണാവകാശമുള്ളതാണെന്ന്" പറയുന്നതാണ് വചനപരം. സഭയെന്നത് ഒരു സ്വയംഭരണ ശരീരമാണെന്ന അർത്ഥത്തിലാണ് ഇതിനെ സ്വയംഭരണാവകാശം ഉള്ളത് എന്നു പറയുന്നത്. അപ്പൊസ്തലനായ യോഹന്നാൻ "*ഏഴു പൊൻനിലവിളക്കുകളെയും നിലവിളക്കുകളുടെ നടുവിൽ നിലയങ്കി ധരിച്ചു മാറത്തു പൊൻകച്ച കെട്ടിയവനായി മനുഷ്യപുത്രനോടു സദൃശനായവനെയും കണ്ടു*" എന്നു രേഖപ്പെടുത്തിയിരിക്കുന്നു (വെളി. 1:13). ഈ

▶▶5

മുഖപ്രസംഗം

# ഉയിര് കൊടുത്ത സഹനം ഉയരെ:



ഭാരതത്തിന്റെ വടക്ക്-കിഴക്കൻ സംസ്ഥാനമാണ് മണിപ്പൂർ. വടക്ക് ബർമ്മയും (മ്യാൻമാർ) തെക്ക് മിസോറോം, പടിഞ്ഞാറ് അസം, നാഗാലാന്റ് എന്നീ സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിട്ട് സ്ഥിതി ചെയ്യുന്നു. മനോഹരവും ഫലഭൂയിഷ്ടവുമായ ഭൂപ്രദേശം. കുക്കികളും മെയ്ത്തികളും, നാഗന്മാരും അടങ്ങുന്ന ജനസമൂഹം ആണ് അവിടെയുള്ളത്. ഇതിൽ കുക്കി ഗോത്രവർഗ്ഗത്തിൽ 99.9% വും ക്രിസ്ത്യാനികൾ തന്നെയാണ്. മെയ്ത്തികളിൽ ഏതാണ്ട് 10% മാത്രമാണ് ക്രിസ്ത്യാനികൾ. ക്രിസ്ത്യൻ വിഭാഗത്തിന് നേരെ സംഘടിതമായ ആക്രമണമാണ് നടന്നത്. ദേവാലയങ്ങൾ തകർക്കപ്പെട്ടു, സ്കൂളുകൾ തകർക്കപ്പെട്ടു. മനുഷ്യന് സൈ്വര്യജീവിതത്തിന് അവകാശം നഷ്ടപ്പെട്ടു. ഇവയെല്ലാം സഹനത്തിൽ അധിഷ്ടിതമായ ക്രിസ്തീയ സമൂഹം അനുഭവിക്കുകയാണ്. ഗ്രഹാംസ്റ്റെയ്ൻസിനെയും രണ്ടു പിഞ്ചുകുഞ്ഞുങ്ങളെയും ചുട്ടുകരിച്ചപ്പോൾ രാജ്യം നാണിച്ച് തലകുനിച്ചു. അതിലേറെ അപമാനകരമാണ് മണിപ്പൂർ സംഭവം!

മതഭ്രാന്തിന്റെ നികൃഷ്ട താണ്ഡവത്തിന് സ്ത്രീശരീരത്തെ നഗ്നമാക്കി തെരുവിൽ വലിച്ചിഴച്ച് അപമാനിക്കാനും സ്വതന്ത്രമായി വിഹരിക്കാനും അവസരം ഒരുക്കുന്ന ഭരണസംവിധാനവും മതസങ്കല്പവും പ്രത്യയശാസ്ത്രവും കൈമുതലാക്കിയവർക്ക് ഈ ദേശത്തെ ഇനി ഭാരതാംബ എന്ന് വിളിച്ച് ദേശീയത പ്രസംഗിക്കുവാൻ അവകാശമില്ല. മതവംശീയ കലാപത്തിന്റെ ഇരകളായി രണ്ട് കുക്കിവംശജരായ സ്ത്രീകളുടെ ശരീരത്തിൽ നടത്തിയ താണ്ഡവം മനസാക്ഷിയുള്ളവരെ ദുഃഖത്തിലാഴ്ത്തും. ഇത്തരം ക്രൂരന്മാർ ഒരു മതാചാരം പോലെ ചെയ്യാനും കാണിക്കുവാനും  കഴിയുന്നത് വിദ്വേഷത്തിന്റെ പാരമ്യമല്ലാതെ എന്താണ്? 2023 മെയ് മൂന്നിന് ആരംഭിച്ച കലാപത്തിൽ 130-ൽ അധികം മനുഷ്യർ കൊല്ലപ്പെട്ടു. മെയ് നാലിന് നടന്ന സംഭവങ്ങളുടെ വീഡിയോ ഇപ്പോൾ പുറത്ത് വന്നത് ഞെട്ടിപ്പിക്കുന്ന ദൃശ്യങ്ങളുമായിട്ടാണ്. കലാപങ്ങൾക്ക് മുൻപ് വ്യാജവാർത്തകൾ സ്വന്തം ഫാക്ടറി ഉൽപ്പാദിപ്പിക്കുക എന്നത് ഏകാധിപതികളുടെ തന്ത്രം ആണ് എന്ന് 'ദി പ്രിന്റ് പത്രം' റിപ്പോർട്ട് ചെയ്യുന്നു. 1947-ലെ ഇന്ത്യാ വിഭജനകാലത്ത്, 1971-ലെ ബംഗ്ലാദേശത്ത് വിമോചനയുദ്ധകാലത്ത്, 1984-ലെ സിക്ക് വിരുദ്ധ കലാപത്തിൽ, 2002 -ലെ ഗുജറാത്ത് കലാപത്തിൽ എല്ലാം തന്നെ സ്ത്രീയുടെ നഗ്ന ശരീരത്തിൽ വെറുപ്പിന്റെ യുദ്ധം നടത്തിയിട്ടുണ്ട്. ചിലതൊക്കെ പുറത്ത് വരാൻ പതിറ്റാണ്ടുകൾ എടുത്തു. ഇനി എന്തെല്ലാം കണ്ടാലാണ് നമ്മുടെ നാട്ടിൽ വിതച്ച വെറുപ്പിന്റെ തീവ്രത അറിയാൻ കഴിയുന്നത്. കുക്കി വനിതകൾ ക്രൂരമായി വേട്ടയാടലിന്റെ വഴികളിൽ മതാന്ധത ബാധിച്ചവർ തെരുവിലൂടെ നഗ്നശരീരങ്ങളെ വലിച്ചിഴച്ച് ആരവമുയർത്തി നടത്തി അവരെ ഒരു പാടത്തേക്ക് ഇറക്കി, കൂടെ അവരും വെറുപ്പിന്റെ അപരമത വിദ്വേഷത്തിന്റെ കൊയ്ത്ത്പാടത്ത് വിളവിന്റെ തൂക്കമളക്കാൻ കഴുകന്റെ ത്രാസുമായി ഇന്ത്യയുടെ തെരുവുകളുടെ മുകളിൽ അവർ വട്ടമിട്ട് പറക്കുകയാണ്! താഴെ പാടങ്ങൾ അവരുടെ കൊയ്ത്തിന് പാകമായോ എന്നറിവാൻ ഇത്തരം അന്ധമായ ആൾക്കൂട്ടത്തെ പ്രതിരോധിക്കുവാൻ നമ്മുടെ രാജ്യത്തെ മനസ്സാക്ഷി മരവിക്കാത്ത മനുഷ്യർ തയ്യാറാകണം.

യേശുക്രിസ്തു പറഞ്ഞു'ലോകത്തിൽ നിങ്ങൾക്ക് കഷ്ടം ഉണ്ട് എങ്കിലും ധൈര്യപ്പെടുവീൻ ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു." ക്രിസ്തീയ വിശ്വാസികൾക്ക് ധൈര്യം തരുന്ന ദൈവവചനമാണിത്. രക്തസാക്ഷികളുടെ, സഹനധീരന്മാരുടെ വിശ്വാസസമൂഹമാണ് ക്രിസ്ത്യാനികൾ." ഒരു ചെകിട്ടത്തടിച്ചാൽ മറു ചെകിടു കൂടെ കാണിച്ചുകൊടുക്കുവാൻ പറഞ്ഞ യേശുദേവൻ, കാൽവറി ക്രൂശിൽ പീഡാനുഭവങ്ങളുടെ തീച്ചൂളയിൽ അമരുമ്പോൾ ഇങ്ങനെയാണ് മൊഴിഞ്ഞത്; "ഇവർ ചെയ്യുന്നത് എന്തെന്ന് അറിയായ്കയാൽ ഇവരോട് ക്ഷമിക്കേണമേ" എന്ന്. കൊന്നും തീവെച്ചും ഉന്മൂലനം ചെയ്യാൻ കഴിയുന്നതല്ല യേശുക്രിസ്തുവിന്റെ അനുഗാമിവൃന്ദം. മറിച്ച് തീച്ചൂളയിൽ ക്രിസ്തുദേവന്റെ  സാമീപ്യം അറിഞ്ഞ് കഷ്ടതയിലും പ്രശംസിക്കുന്നവരാണ്. കഷ്ടത സഹിഷ്ണതയേയും സഹിഷ്ണത സിദ്ധതയും സിദ്ധത പ്രത്യാശയേയും ഉളവാക്കുന്നു എന്നത്  കൊണ്ട് കഷ്ടതയിൽ ആഹ്ളാദിക്കാൻ ഒരു ക്രിസ്തു ഭക്തന് കഴിയും. ഈ സ്നേഹകൂടാരം തകർക്കാൻ മാനുഷീക ശക്തികൾക്ക് കരുത്തില്ല. കാലത്തിന്റെ കാവ്യനീതി പോലെ രാജാധിരാജനായ യേശു കർത്താവ് വരും അന്ന് സമാധാനം ഉണ്ടാവും. യേശു കർത്താവ് പറഞ്ഞ വാക്കുകൾ നമുക്ക് ധൈര്യദായകമാകട്ടെ, സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ, അവർ ദൈവത്തിന്റെ പുത്രന്മാർ വിളിക്കപ്പെടും, നീതി നിമിത്തം ഉപദ്രവിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ സ്വർഗ്ഗരാജ്യം അവർക്കുള്ളത്." മണിപ്പൂരിൽ കഷ്ടത അനുഭവിക്കുന്ന എല്ലാ ജനവിഭാഗങ്ങളുടെയും സമാധാനത്തിനായി നമുക്ക് പ്രാർത്ഥിക്കാം.



ധ്യാനം

# എങ്ങനെ? എങ്ങോട്ട്? ആർക്കുവേണ്ടി?



**ജെഫിൻ സജി ജോൺസ്**

ശവകുടീരങ്ങൾ എന്നും ഓർമ്മശിലകളാണ്. പോയകാലം ബാക്കിവെച്ച നാഴികകല്ലുകൾ. ഓരോ ശവകുടീരങ്ങളും പറയാതെ വിളിച്ച് പറയുന്ന ഒരുപാട് സത്യങ്ങളുണ്ട്. ഓരോ കല്ലറയ്ക്കുള്ളിലും ചെയ്തു തീർക്കാൻ ബാക്കി വെച്ച സ്വപ്നങ്ങളുണ്ട്. പറഞ്ഞുതീരാത്ത വിശേഷങ്ങളുണ്ട്, അസാധ്യമായിത്തീർന്ന ആഗ്രഹങ്ങളുണ്ട്. അങ്ങനെ അങ്ങനെ...

കഴിഞ്ഞ ദിവസങ്ങളിൽ നമ്മെ ഓരോരുത്തരേയും ചിന്തിപ്പിക്കുകയും ഒരു തരത്തിൽ നമ്മിലേക്ക് തന്നെ നോക്കുവാൻ യഥാർത്ഥത്തിൽ പ്രേരിപ്പിച്ച ഒരു മരണം ഉണ്ടായി. ശ്രീ. ഉമ്മൻ ചാണ്ടിയുടേത്. താൻ ജിവിച്ചിരുന്നപ്പോൾ ബാക്കിവെച്ചതെല്ലാം ഇനി സംഭവിക്കുമോ എന്നറിയില്ല. എങ്കിലും ഒരു മനുഷ്യന്റെ ജീവിതം യഥാർത്ഥത്തിൽ എന്താവണം എന്ന് തുറന്ന് കാട്ടുന്ന ഒരു മരണമായിരുന്നു അദ്ദേഹത്തിന്റേത്. ജീവനോടിരുന്ന ഓരോ ദിവസങ്ങളിലും കല്ലേറുകളുടെ കാഠിന്യം കൂടി കൂടി വന്നപ്പോഴും; ആ മനുഷ്യൻ "വാസ്തവത്തിൽ നീതിമാൻ" എന്ന് സാക്ഷ്യം പറയുവാൻ തന്റെ മരണം വേണ്ടി വന്നു.

ബഹുമാനപ്പെട്ട ഉമ്മൻചാണ്ടിയുടെ കല്ലറയ്ക്ക് മുന്നിൽ ചെന്ന് നിൽക്കുമ്പോൾ ആ കല്ലറ നമ്മോട് ചോദിക്കുന്ന ഒരു ചോദ്യം ഉണ്ട്. "നാം എങ്ങനെ....???" അതെ, യഥാർത്ഥത്തിൽ ആ ശവകുടീരത്തിലേക്ക് പടവുകൾ കയറി നടന്നടുക്കുമ്പോൾ ആ മനുഷ്യന്റെ ജീവിതം നമ്മോട് ആ ചോദ്യം ആവർത്തിക്കും.

ഈ ഭൂമിയിൽ ജീവിക്കുമ്പോൾ ഒരു യഥാർത്ഥ ക്രിസ്ത്യാനിക്ക് തന്റെ ആത്മീക ജീവിതം പോലെ തന്നെ പ്രാധാന്യമുള്ളതാണ് തന്റെ പൊതുജീവിതവും എന്നത് വളരെ വ്യക്തമാണ്. ഈ ലോകത്തിൽ നിന്ന് മുഴുവനായി വേർപെട്ട് ഒരു ബോധ്യമില്ലാതെ വേർപാടിന്റെ വക്താക്കളായി, ജീവിച്ച് മുന്നേറുമ്പോൾ, നമ്മുടെ വേർപെട്ട കാഴ്ചപ്പാടിൽ പുറംജാതിയായ പരേതന്റെ ജീവിതം നമ്മുടെ നേരെ വിരൽ ചൂണ്ടുന്നുണ്ട്. ഉത്തരം നൽകാൻ കഴിയാത്ത ചോദ്യങ്ങൾ ചോദിക്കുന്നുണ്ട്.

ഭക്തിയുടെ ഔന്നിത്യം ഒന്നും ഇല്ലായിരുന്നുവെങ്കിലും ദൈവത്തെ അദ്ദേഹം ഭയപ്പെട്ടിരുന്നു എന്നത് വ്യക്തം. തനിക്ക് "ദൈവത്തെ ഭയവും മനുഷ്യനെ ശങ്കയും" ഉണ്ടെന്ന് അദ്ദേഹം വ്യക്തമാക്കിയിട്ടുണ്ട്.

അദ്ദേഹത്തെ ഏൽപ്പിച്ചിരുന്ന പൊതുവായ ഉത്തരവാദിത്തങ്ങൾ പൊതുജനത്തിനും സഹജീവികൾക്കും വേണ്ടി മാത്രം ഉപയോഗിച്ചു എന്നതിന്റെ തെളിവാണ് ഇപ്പോഴും നിലയ്ക്കാത്ത ജനപ്രവാഹം! തന്നിൽ സ്വാർത്ഥത ഒട്ടും ഇല്ലായിരുന്നു എന്നതിന് ഉത്തമ ഉദാഹരണമാണ് കേവലം തൂണുകളിൽ മാത്രം അവശേഷിക്കുന്ന തന്റെ പണിതീരാത്ത സ്വപ്നഭവനം!

നാം പലപ്പോഴും യാതൊരു വിധത്തിലും അർഹതയില്ലാതെയിരുന്നിട്ടും വലിഞ്ഞു കയറി കടിച്ച് പിടിച്ച് തൂങ്ങികിടക്കുമ്പോഴും സ്വാർത്ഥ താല്പര്യങ്ങൾക്ക് വേണ്ടി വേർപാട് കുറച്ചൊക്കെ മാറ്റിയിട്ടില്ലേ?

സഹായം അഭ്യർത്ഥിച്ച് വരുന്നവരോട് "ഇന്നില്ല നാളെ വാ..." എന്നു പറയുന്ന സമീപനം അല്ലേ നമുക്കുള്ളത? സ്വാർത്ഥത നമ്മളിൽ കുമിഞ്ഞ് കൂടിയില്ലേ? എല്ലാറ്റിനും ഒടുവിൽ വിശുദ്ധമേശയ്ക്ക് ചുറ്റും രണ്ട് മണിക്കൂർ സമയത്തേക്ക് വേർപാടിന്റെ നടുച്ചുമർ ഇടിച്ച് കളഞ്ഞ് അതിന് ശേഷം തിരികെ കെട്ടിയിട്ടല്ലേ? നാം പോകാറ്? എങ്ങോട്ടാണ്? ആർക്ക് വേണ്ടിയാണ്? യഥാർത്ഥത്തിൽ ആ മാതൃക പിൻപറ്റുമ്പോഴാണ് യഥാർത്ഥ വേർപാട് സാധ്യമാകുന്നത്. നമുക്ക് യാഥ്യാർത്ഥ ബോധമുള്ള വേർപാടിനെ അനുകരിക്കാം. അല്ലാത്ത പാരമ്പര്യ ക്രിസ്ത്യാനികളാകാതെ ഒരു സത്യക്രിസ്ത്യാനിയായി ജീവിച്ച് തുടങ്ങാം.

ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി സാറിന്റെ ഓർമ്മകൾക്ക് മുന്നിൽ ആദരാജ്ഞലികൾ അർപ്പിക്കുന്നു. നമുക്ക് ഹൃദയം കൊണ്ട്  ചിന്തിച്ച് തുടങ്ങാം, നാം എങ്ങനെ? നാം എങ്ങോട്ട്? നാം ആർക്ക് വേണ്ടി?

ക്രിസ്തീയ ദർശനം
CHRISTHEEYA DARSANAM

ലേഖനം
അയയ്ക്കേണ്ട വിലാസം
**Saji John Varickamakkal**
Christheeyadarsanam,
Kariamplave P.O.
689615,
Ph: 9562642509


**email:**
**cdranni2020@gmail.com**

വരിസംഖ്യ & സംഭാവന
**South Indian Bank, Ranni**
**A/c. No. 032205300008302**
**IFSC Code : SIBL0000322**

എഡിറ്റർ : സജി ജോൺ 9562642509
പബ്ലീഷർ : രാജ കെ. തോമസ്
എഡിറ്റോറിയൽ ബോർഡ്
ചാണ്ടപ്പിള്ള ഫിലിപ്പ്  ജെയിംസ് എം. തോമസ്
സജീവ് വർഗീസ്  ഇ. എസ്. റെജി
വി. എം. പോൾ  കെ. എസ്. ജോസഫ്
സാമുവേൽ ജോൺ  ബിജോയ് തുടിയൻ
പി. എം. സാമുവേൽ  സാം ഫിലിപ്പ്
പോൾ പി. സ്കറിയ  ജിജു ജോർജ്ജ്
ഷോൺ സാജൻ ഫിലിപ്സ്
മാനേജിംഗ് എഡിറ്റർ ജെഫിൻ സജി ജോൺസ്, 9446400331
സർക്കുലേഷൻ മാനേജർ ജോയൻ സജി ജോൺ
വിദേശ പ്രതിനിധികൾ
റോജി വർഗീസ്, ഹാൻലി തോമസ്, എം. ഒ. മോഹൻ, ബിജു മാത്യു, ലാൻസി സാമുവേൽ, തോംസൺ ഡാനിയേൽ ജോൺ, അനു മാത്യു, ജെൻ സജി ജോൺസ്, ബഞ്ചമിൻ ജോർജ്ജ്, ജേക്കബ് ജോർജ്ജ്, സജി തോമസ്, ജയ്സൺ. പി. എബ്രഹാം, ഗ്ലാഡ്‌ലി ജോസഫ് ദോഹ

ലേഖനം 38

# യോസേഫിന്റെ ജീവിതവിശുദ്ധി- നമുക്കോരു മാതൃക





ജെയിംസ് എം. തോമസ്

ഉല്പത്തി പുസ്തകം 45:4-8 വരെയുള്ള തിരുവചനഭാഗത്തിൽ ഒരു ഭക്തന്റെ ആത്മീക കാഴ്ചപ്പാടും ഔന്നിത്യവും നാം യോസേഫിലൂടെ കാണുന്നു. 4-6 വരെയുള്ള വാക്യങ്ങൾ നാം കഴിഞ്ഞ ലക്കത്തിൽ ചിന്തിച്ചു. ആറാം വാക്യത്തിൽ യോസേഫിൽ നാം ഒരു പ്രവാചകനെയും ഉത്തമനായ ഭരണാധികാരിയേയും കണ്ടു. തുടർന്ന് 7,8 വാക്യങ്ങളിലെ ആത്മീക ചിന്തകൾ ഹൃദയത്തിലേക്ക് കൊണ്ടുവരാം.

തന്റെ അടിമത്വവും എന്നാൽ അതിനു പിന്നിലുള്ള ദൈവീകനന്മയും ഏഴാം വാക്യത്തിൽ യോസേഫ് വ്യക്തമാക്കുന്നു. "അടിമത്വത്തിന്റെ വേദനയേറുന്ന സമയങ്ങളിൽ ഇവയൊന്നും വെളിപ്പെട്ടിരുന്നില്ലെങ്കിലും ഇപ്പോൾ അവ വ്യക്തമാണ്. ദൈവം നമുക്കനുവദിക്കുന്ന ചില പ്രത്യേക അനുഭവങ്ങളുടെ കാര്യകാരണങ്ങളും നന്മകളും എല്ലാം വ്യക്തമാക്കപ്പെടുന്ന അവസരങ്ങളുണ്ട്; ഒരു പക്ഷെ, ചിലത് നിത്യതയിൽ മാത്രം വെളിപ്പെടുന്നവയാണ്. ഭൂമിയിൽ ദൈവത്തോട് ഹൃദയപൂർവ്വം ചേർന്നു നിൽക്കുന്നവർക്കറിയാം നിത്യതമാത്രം വെളിപ്പെടുത്തുന്ന ദൈവീക ഉദ്ദേശ്യങ്ങളുടെ നന്മ മറഞ്ഞിരിക്കുന്നത്; നിത്യതയോളം ക്ഷമയോടെ തനിക്കായി കാത്തിരിക്കുമെന്ന് ദൈവം വിശ്വസിക്കുന്നവർക്കു മാത്രം ! ആത്മീകർക്ക് സ്തോത്രം ചെയ്യാനുള്ള വക ഇവിടെ മറഞ്ഞു കിടപ്പുണ്ട്.

"ഭൂമിയിൽ നിങ്ങൾക്കു സന്തതിശേഷിക്കേണ്ടതിനും വലിയൊരു രക്ഷയാൽ നിങ്ങളുടെ ജീവനെ രക്ഷിക്കേണ്ടതിനും ദൈവം എന്ന നിങ്ങൾക്കു മുമ്പേ അയച്ചിരിക്കുന്നു; ആകയാൽ നിങ്ങൾ അല്ല, ദൈവം അത്രേ എന്നെ ഇവിടെ അയച്ച്ത്." (7,8 വാക്യങ്ങൾ). വിറ്റത് സഹോദരൻമാരാണ്; തീർച്ചയായും അത് അവരുടെ വലിയ പാപമാണ്. എന്നാൽ ദൈവം അതിനുമീതെ പ്രവർത്തിക്കുകയും അവരുടെ 'വില്പന' ദൈവീകനിർണ്ണയങ്ങൾക്കായുള്ള 'അയയ്ക്കൽ' ആക്കി രൂപാന്തരപ്പെടുത്തി; സ്തോത്രം ഇന്നും മനുഷ്യർ ചെയ്യുന്ന ദ്രോഹങ്ങളെ ഭയമുള്ള ദൈവം 'നന്മകളാക്കി' രൂപാന്തരപ്പെടും!

ആശ്ചര്യകരമായ വിഷയം ശ്രദ്ധിച്ചാലും; ആര് യോസേഫിനെ അടിമയായി വിറ്റുവോ, അവന്റെ അടിമത്തം; വിറ്റവർക്കു കൂടി ഗുണകരമായി! അതാണ് ഏഴാം വാക്യം വ്യക്തമാക്കുന്നത്; "ഭൂമിയിൽ നിങ്ങൾക്കു സന്തതി ശേഷിക്കേണ്ടതിനും വലിയൊരു രക്ഷയാൽ നിങ്ങളുടെ ജീവനെ രക്ഷിക്കേണ്ടതിനും ദൈവം എന്നെ നിങ്ങൾക്കു മുമ്പേ അയച്ചിരിക്കുന്നു." ഉപദ്രവിച്ചവർക്കും വിറ്റുകളഞ്ഞവർക്കും ശിക്ഷയാണല്ലോ ന്യായമായും ലഭിക്കേണ്ടത്? എന്നാൽ ദൈവത്തിന്റെ ദീർഘക്ഷമയുടെ എത്ര വലിയ ചിത്രം നാമിവിടെ കാണുന്നു! ദൈവത്തിന്റെ ഹൃദയപ്രകാരം പ്രവർത്തിച്ച യോസേഫ് ദൈവീകദീർഘക്ഷമ തന്റെ സഹോദരൻമാരോടും കാണിച്ചു. ക്ഷമിക്കുവാനും വഹിക്കുവാനും ഒരു ഉത്തമ ഭക്തനു മാത്രമേ കഴിയുകയുള്ളൂ. ജഢീകനോ? അവൻ ക്ഷമിക്കുന്നതിനും സത്യം ഉൾക്കൊള്ളുന്നതിനും വിപരീതമായി വെല്ലുവിളിക്കുകയും മുറുമുറുക്കുകയും നശീകരണ സ്വഭാവത്തോടുകൂടെ പ്രവർത്തിക്കുകയും ചെയ്യുന്നു. കാൽവറിയിലേക്കു ശ്രദ്ധിച്ചു നോക്കൂ; അവിടെ ദൈവപുത്രനെ ക്രൂശിച്ചവർക്കായി അതേ പുത്രന്റെ മരണത്താൽ രക്ഷയൊരുക്കിയ പിതാവിന്റെ ദീർഘക്ഷമയും സ്നേഹവും കാണാം!

"ഭൂമിയിൽ നിങ്ങൾക്കു സന്തതി സേഷിക്കേണ്ടതിനും വലിയൊരു രക്ഷയാൽ നിങ്ങളുടെ ജീവനെ രക്ഷിക്കേണ്ടതിനും..." യോസേഫിന്റെ സഹോദരൻമാർ മാത്രമല്ല പ്രത്യുത സഹോദരന്മാരുടെ തലമുറകളും അത്രയധികം യോസേഫിനോട് കടപ്പെട്ടിരിക്കുന്നു എന്നത് ഈ വാക്യം കൂടുതൽ വ്യക്തമാക്കുന്നു. ഒരുവൻ ക്രിസ്തുവെന്ന രക്ഷിതാവിനെ ഹൃദയത്തിലേക്കു സ്വീകരിച്ച് ദൈവപൈതൽ ആകുമ്പോൾ വരും തലമുറകൾക്കും കർത്താവിനെ പുണരുവാൻ ഒരു മാർഗ്ഗം മുന്നിൽ തുറന്നുകിട്ടുന്നു. വരും തലമുറകൾക്കു ആത്മീക നന്മകൾ അവകാശമാക്കുവാൻ ഇന്ന് ജീവനോടിരിക്കുന്നവർ ദൈവമുമ്പാകെ ദൈവഹിതമാർഗ്ഗരേഖകൾ നാം കണിശമായും വചനപ്രകാരം പിൻതുടരണം.

"....ദൈവം എന്നെ നിങ്ങൾക്കു മുമ്പേ അയച്ചിരിക്കുന്നു." വാക്യം 1). എട്ടാം വാക്യത്തിലും അഞ്ചാം വാക്യത്തിലും ഇതുതന്നെ ആവർത്തിക്കുന്നു. "ആകയാൽ നിങ്ങൾ അല്ലാ, ദൈവം അത്രേ എന്നെ ഇവിടെ അയച്ചത്. " എന്നെ ഇവിടെ വിറ്റതുകൊണ്ടു നിങ്ങൾ വ്യസനിക്കേണ്ടാ, വിഷാദിക്കുകയും വേണ്ടാ. ശത്രുക്കളെക്കാൾ മോശവും ക്രൂരവുമായി പെരുമാറിയിരുന്ന സഹോദരന്മാരിൽ ഈ വാക്കുകൾ എത്ര സമ്മിശ്രവികാരങ്ങൾ ഉണ്ടാക്കിയിട്ടുണ്ടാകും.

തനിക്കുണ്ടായ കൊടും ശോധനയിൽ നിന്ന് ദൈവം ഉയർച്ച നൽകിയ വസ്തുതയും യോസേഫ് സാക്ഷിക്കുന്നു. "ദൈവം എന്നെ ഫറവോനു പിതാവും അവന്റെ ഗൃഹത്തിനൊക്കെയും യജമാനനും മിസ്രയീം ദേശത്തിനൊക്കെയും അധിപതിയുമാക്കിയിരിക്കുന്നു" (വാക്യം 8). മിസ്രയീം ദേശത്ത് ദൈവം തന്നെ ഏറ്റവും ഉയർത്തി എന്നാണ് ഈ വാക്കുകളുടെയർത്ഥം. സങ്കടങ്ങൾക്കപ്പുറം ഒരു നല്ലനാൾ മുന്നിലുണ്ട് എന്നത് ആത്മകണ്ണാൽ കാണുക; ഒരു പക്ഷെ ഈ ഭൂമിക്കപ്പുറം നിത്യതയിൽ! തിരുനാമം മഹത്വപ്പെടട്ടെ. (തുടരും)



# കൊലോസ്യലേഖന പഠനം 4

# സർവ്വാധിപതിയായ ക്രിസ്തു



ഡോ. സനീഷ് ചെറിയാൻ

കൊലോസ്യലേഖനം പ്രധാനമായും ക്രിസ്തുവിനെ കുറിച്ചുള്ള ശരിയായ ജ്ഞാനം എന്ന വിഷയത്തിനാണ്ഊന്നൽ നൽകുന്നത്. ജ്ഞാനവാദികൾ (ഗ്നോസ്ടി ക്കുകൾ) വളരെയധികം സ്വാധീനം ചെലു ത്തിയ ഒരു സമൂഹ പശ്ചാത്തലത്തിൽ കൊലോസ്യസഭയിലെ വിശ്വാസികൾ പലരും അവരുടെ സ്വാധീനത്തിൽ അകപ്പെട്ടിരുന്നു. ക്രിസ്തുവിന്റെ മനുഷ്യത്വം പൂർണ്ണമായി നിഷേധിക്കുന്ന ചിന്താഗതിക്കാരാണ് ജ്ഞാനവാദി കൾ. ഈ ഉപദേശം പല നിലകളിൽ ക്രിസ്തീയസമൂഹത്തിൽ കടന്നുകൂടിയിട്ടുണ്ട്. യേശുക്രിസ്തു സമ്പൂർണ്ണ മനുഷ്യനല്ല, മനുഷ്യന്റെ ഭാവം സ്വീകരിക്കുക മാത്രമാണ് ചെയ്തത് എന്ന് ഒരു വിഭാഗം വാദിക്കുമ്പോൾ, മറ്റൊരു കൂട്ടർ യേശുവിൽ സ്നാനസമയത്ത് ക്രിസ്തു പ്രവേശിച്ചു എന്ന് വാദിക്കുന്നു. ഈ രണ്ടു ചിന്താഗതികളും യേശുക്രിസ്തുവിന്റെ സമ്പൂർണ്ണ മനുഷ്യത്വത്തെയും ദൈവത്വത്തെയും നിഷേധിക്കുന്നവ ആയതിനാൽ വ്യക്തമായ നിലയിൽതന്നെ ഈ ലേഖനത്തിൽ ക്രിസ്തുവിന്റെ ആധിപത്യത്തിന്റെ മഹത്വം കാര്യകാരണ സഹിതം അപ്പോസ് തോലനായ പൌലോസ് മുഖാന്തരം ദൈവാത്മാവ്വെളിപ്പെടുത്തുന്നു.

കൊലോസ്യ സഭയിലെ വിശ്വാസി കൾക്ക് വേണ്ടിലേഖകനായ പൌലോസ് പ്രാർത്ഥിക്കുന്ന ഭാഗമാണല്ലോ നാം ആദ്യ ഭാഗ ത്ത് കണ്ടത്. കർത്താവിനു യോഗ്യമായ നിലയിൽ നട ന്നു, ഫലം കായിക്കുന്ന വരായി ജീവിക്കണം എന്ന പ്രബോ ധനം നൽകുന്നു. തുടർന്ന് ഇരുട്ടിന്റെ അധികാരത്തിൽ നിന്ന് നമ്മെ വിടുവിച്ച കർത്താവിനു സ്തോത്രം ചെയ്യുന്നവരാകണം എന്നും പ്രബോധിപ്പിക്കുന്നു. ക്രിസ്തുവിൽ നമുക്ക് ലഭിച്ചിരിക്കുന്ന പാപമോചനം എന്ന വീണ്ടെടുപ്പാണ് സ്തോത്രാർ പ്പണത്തിനു കാരണ മായി എടുത്തു കാണി ക്കുന്നത്. നമുക്ക്ലഭിച്ച രക്ഷയെകുറിച്ച് ബോധ്യവും ആ വിഷയ ത്തിൽ കർത്താവിനോടു നന്ദിയുള്ളവരായും ഇരിക്കുന്നത് കൂടാതെ കർത്താവിനെ കുറിച്ച് വ്യക്തമായ അറിവും നമുക്ക് ഉണ്ടായിരിക്കണം എന്ന് അപ്പോസ്തോലൻ ആഗ്രഹിക്കുന്നു.

ക്രിസ്തുദൈവത്തിന് സമനല്ല എന്നും ദൈവസൃഷ്ടികളിൽഉത്തമനായ സൃഷ്ടി മാത്രമെന്നുമുള്ള ഉപദേശങ്ങൾസഭയെ ഗ്രസിച്ച കാലത്ത് ക്രിസ്തുവിന്റെ ദൈവത്വവും സ്രഷ്ടാവെന്ന നിലയിലുള്ള ആധിപത്യവും വ്യക്തമായി ആലേഖനം ചെയ്യുവാൻ കർ ത്താവ് തന്റെ ദാസനെ എടുത്തു ഉപയോഗി ച്ചു. കർ ത്താവിനു യോഗ്യ മായി ജീവിക്കുവാ നും ഫലം കായ്ക്കുവാനും വിശ്വാസികൾക്ക് വേണ്ടി പ്രാർത്ഥിച്ച പൌലോസ്, ഉടൻതന്നെ ക്രിസ്തുവിന്റെ ആധിപത്യവും മഹത്വവും എന്ന വിഷയത്തെ വെളിപ്പെടുത്തുവാൻ ശ്രദ്ധിക്കുന്നതിൽ നിന്നും ആ വിഷയത്തിന്റെ പ്രാധാന്യം മനസിലാക്കാവുന്നതാണ്. ക്രിസ്തുവിനെ യഥാർത്ഥമായി മനസിലാക്കുന്ന ഒരു വ്യക്തിക്ക് മാത്രമേ ഒരു യഥാർത്ഥ ക്രിസ്തീയ വിശ്വാസിയായി ഫലകരമായജീവിതം നയിക്കുവാൻ സാധിക്കുകയുള്ളൂ. ഇക്കാരണത്താലാണ് ക്രിസ്തു സ്രഷ്ടാവായദൈവമാണ് എന്ന സത്യം അടിസ്ഥാനപരമായി ഈ ലേഖനം പ്രതിപാദിക്കുന്നത്. ക്രിസ്തുവിന്റെ ദൈവത്വത്തിന്റെ മഹത്വമാണ് 15-18 വരെ വാക്യങ്ങളിൽ നാം കാണുന്നത്. ക്രിസ്തു വിന്റെ ആധിപത്യത്തെ മൂന്നു നിലകളിൽ ഈ വേദഭാഗത്ത് കാണുവാൻസാധിക്കും.

ക്രിസ്തുവിന്റെ ആധിപത്യം ദൈവത്തോടുള്ള ബന്ധത്തിൽ1:15 ക്രിസ്തു അദൃശ്യനായ ദൈവത്തിന്റെ പ്രതിമയാണ് (15) എന്ന പ്രയോഗത്താൽ ക്രിസ്തു ദൈവത്തിന് സമനാണ് എന്ന സത്യം വ്യക്തമാക്കുവാൻ ലേഖകൻ ശ്രദ്ധിക്കുന്നു. **EIKON** (എയ്ക്കോൻ) എന്ന ഗ്രീക്ക്വാക്കാണ് പ്രതിമ എന്നതിന് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. പ്രതിരൂപം, വെളി പ്പെടുക എന്നൊക്കെയാണ് ഈ വാക്ക് അർത്ഥമാക്കുന്നത്. ദൈവത്തിന്റെ സമ്പൂർണ്ണ വെളിപ്പാടാണ് ക്രിസ്തു (യോഹന്നാൻ 1:18). ദൈവത്തിന്റെ സ്വഭാവവും പ്രകൃതവും ക്രിസ്തുവിൽ പൂർണ്ണ അളവിൽദൃശ്യമാണ് (2കൊരി ന്ത്യർ4:4,6). യേശുക്രിസ്തു സമ്പൂർണ്ണ ദൈവമാണ്എന്നത് ഒറ്റ വാചകത്തിൽ ഇവിടെ വെളിപ്പെടുത്തുന്നു. ആയതിന്റെ വിശദീകരണമാണ് തുടർന്നുള്ള വാക്യങ്ങളിൽ നാം കാണുന്നത്.

സർവ്വസൃഷ്ടിക്കും ആദ്യജാതൻ എന്ന പ്രയോഗത്തൽസൃഷ്ടികളുടെമേൽ ക്രിസ്തുവിനുള്ള ആധിപത്യം വെളിപ്പെടുത്തുന്നു. ആദ്യജാതൻ എന്നതിന് PROTOTOKOS (പ്രോട്ടോടോക്കോസ്) എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. ആദ്യമുള്ളത്, ഒന്നാമത്തേത് എന്നൊക്കെയാണ് ഈ വാക്ക് അർത്ഥമാക്കുന്നത്. ദൈവത്തിന്റെ സൃഷ്ടികളിൽ ആദ്യത്തെ സൃഷ്ടി എന്നതല്ല, സൃഷ്ടികൾക്ക് മുന്നേയുള്ളവൻ എന്ന ആശയമാണ് ഇവിടെ വെളിപ്പെടുന്നത്. സകലസൃഷ്ടിക്കും മുന്നേയുള്ളവൻഎന്നുംസകലസൃഷ്ടികളുടെമേലും ആധിപത്യമുള്ളവൻ എന്നുംഅർത്ഥം. പഴയനിയമകാലത്ത് ആദ്യജാതൻ എന്നത് ഒരു സ്ഥാനീയ പദവി ആയിരുന്നു. മറ്റുമക്കളുടെ മേൽ, കുടുംബത്തിന്റെ മേൽ പിതാവിനുള്ള സ്ഥാനവും അധികാരവുമുള്ള പദവി (പുറ പ്പാട്13:2-15; ആവർത്തനം 21:17). ആദ്യജാതൻ എന്ന നിലയിൽ ക്രിസ്തുവിനുള്ള പദവി യുടെയും ആധിപത്യത്തിന്റെയും വിശദീ കരണമാണ് തുടർന്നുള്ള വാക്യങ്ങളിൽ നാം കാണുന്നത്.

ക്രിസ്തുവിന്റെ ആധിപത്യം സൃഷ്ടികളോടുള്ള ബന്ധത്തിൽ1:16,17

ക്രിസ്തു സകലത്തിന്റെയും സ്രഷ്ടാവാണ്. സൃഷ്ടിയുടെ മുഖാന്തരവും ഉടമസ്ഥനും പരി പാലകനും ക്രിസ്തുവാണ്. സകലവും അവൻ മുഖാന്തരം സൃഷ്ടിക്കപ്പെട്ടു; അവൻ മുഖന്തരവും അവന്നായിട്ടും സകലവും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു." (1:16). സൃഷ്ടിപ്പിന്റെ പദ്ധതിയും നടത്തിപ്പും പൂർണ്ണമായി ക്രിസ്തുവിൽ നിക്ഷിപ്തമാണ്എന്നതാണ് ഈ പരാമർശം വെളിപ്പെടുത്തുന്നത്. ലളിതമായി പറഞ്ഞാൽ, ക്രിസ്തു സകലത്തെയും തന്റെ ഉദ്ദേശ്യത്തിനായി സൃഷ്ടിച്ചു. "സ്വർഗ്ഗത്തിലുള്ളതും ഭൂമിയിലുള്ളതും ദൃശ്യമായതും അദൃശ്യമായ തും സിംഹാസനങ്ങൾ ആകട്ടെ കർത്തൃത്വ ങ്ങൾ ആകട്ടെ വാഴ്ചകൾ ആകട്ടെ അധികാരങ്ങൾ ആകട്ടെ സകലവും അവൻ മുഖാന്തരം സൃഷ്ടിക്കപ്പെട്ടു;" എന്ന പ്രസ്താവനയിൽ കൂടി ക്രിസ്തുവിനു സൃഷ്ടികളുടെമേലുള്ള അധികാരവും ആധിപത്യവും ദൈവാത്മാ

►► 6

## അനുഗ്രഹീതരായ സ്മരണീയർ 38



# ജോൺ ബനിയനും പരദേശി മോക്ഷയാത്രയും





ബിജോയ് തുടിയൻ

**1628**-ൽ ഇംഗ്ലണ്ടിലെ ബെഡ്ഫോർഡ് പട്ടണത്തിനടുത്തുള്ള എൽസ്റ്റോവ് എന്ന സ്ഥലത്താണ് ജോൺ ബനിയൻ ജനിച്ചത്. തന്റെ പിതാവ് ഒരു തകരപ്പണിക്കാനായിരുന്നു. അതു കൊണ്ടുതന്നെ വളരെ ദാരിദ്ര്യത്തിലാണ് ജോൺ വളർന്നത്. ഒരു ദരിദ്ര്യകുടുംബത്തിലെ കുട്ടിക്ക് ലഭിക്കുവാൻ സാദ്ധ്യമായിരുന്ന വിദ്യാഭ്യാസം മാത്രമേ ജോണിന് ലഭിച്ചിരുന്നുള്ളൂ. അത്യാവശ്യം വായിക്കുവാനും എഴുതുവാനും ഉള്ള പ്രായമായപ്പോൾ പിതാവിനെ സഹായിക്കുവാൻ വേണ്ടി തന്റെ പഠനം ഉപേക്ഷിക്കേണ്ടി വന്നു.

പതിനാലാം നൂറ്റാണ്ട് മുതൽ മാർട്ടിൻ ലൂഥർ, വില്യം ടിൻഡേൽ മുതലായവർ തുടങ്ങിവെച്ച ക്രിസ്തീയ നവോത്ഥാനത്തിന്റെ തുടർച്ചയെ ന്നോണം പതിനാറാം നൂറ്റാണ്ടിലും സത്യത്തിനു വേണ്ടി നിലകൊണ്ടിരുന്ന ഒരു കൂട്ടം ക്രിസ്തു ശിഷ്യന്മാർ ഉണ്ടായിരുന്നു. 'കുരിശില്ലെങ്കിൽ കിരീടമില്ല' എന്ന പുസ്തകം എഴുതിയ വില്യം പെൻ കൂടാതെ ജോർജ് ഫോക്സ് മുതലായവ രെക്കെയും സുവിശേഷം അറിയിച്ചതിന്റെ പേരിൽ ജയിൽ ശിക്ഷ അനുഭവിക്കേണ്ടിവന്നവ രാണ് . ഇതേ കാലഘട്ടത്തിലാണ് ജോൺ ബനിയനും ജീവിച്ചിരുന്നത്.

1642-ൽ ജോൺ ബനിയന്14 വയസ്സുള്ളപ്പോൾ ഇംഗ്ലണ്ടിൽ ആഭ്യന്തര യുദ്ധം ഉണ്ടായി. അതുകൊണ്ടു താൻ പട്ടാളത്തിൽ ചേരാൻ നിർബന്ധിതനായി.ഒരു ദിവസം തനിക്ക് പകരക്കാരനായി നിന്നിരുന്ന കാവൽ ഭടൻ ശത്രുവിന്റെ വെടിയേറ്റ് മരിച്ചു. ദൈവമാണ് തന്നെ ആ മരണത്തിൽ നിന്ന് രക്ഷിച്ചതെന്നു ജോണിന് ബോദ്ധ്യമായി.ഏതാനും നാളുകളിലെ ആഭ്യന്തര യുദ്ധം അവസാനിച്ചപ്പോൾ പട്ടാളത്തിൽ നിന്ന് തന്നെ പിരിച്ചു വിട്ടു .

ജോൺബനിയൻ തന്റെ പഴയ തകരപ്പണിയിൽ തുടർന്നു. ഇരുപതാമത്തെ വയസ്സിൽ ജോൺ വിവാഹിതനായി.വളരെ ദൈവഭക്തിയിൽ വളർന്നു വന്ന ഒരു സഹോദരിയായിരുന്നു അദ്ദേഹത്തിന്റെ ഭാര്യ. പിതാവിൽ നിന്ന് പാരമ്പര്യമായി ലഭിച്ച രണ്ട് പുസ്തകങ്ങൾ മാത്രമാണ് വിവാഹ സമ്മാനമായി അവൾക്കു ലഭിച്ചത് . ഭക്ഷണം കഴിക്കുവാനുള്ള പാത്രങ്ങൾ പോലും അവർക്കു ഉണ്ടായിരുന്നില്ല. അത്രയ്ക്ക് ദാരിദ്ര്യത്തിലായിരുന്നു അവരുടെ ദാമ്പത്യ ജീവിതം ആരംഭിച്ചത്.1650ൽ അവരുടെ ആദ്യ മകളായ മേരി ജനിച്ചു. ചില ദിവസങ്ങൾക്കുള്ളിൽ അവൾ ഒരു അന്ധയാണെന്ന് അവർ മനസിലാക്കി. ജോണിന്റെ ആദ്യ ഭാര്യ മരിച്ചതിനു ശേഷം രണ്ടാമതും അദ്ദേഹം വിവാഹം കഴിച്ചു. അദ്ദേഹത്തിന് ആറു മക്കളാണ് ഉണ്ടായിരുന്നത് .

താൻ ആയിരിക്കുന്ന പ്യൂരിറ്റൻ സഭയിലെ ഒരു പ്രഭാഷണത്തിലൂടെയാണ് തന്റെ പാപത്തെക്കുറിച്ചുള്ള ബോധ്യം ഉണ്ടായത്. പിന്നീട് ചില സഹോദരിമാർ വീണ്ടും ജനനത്തെക്കുറിച്ചും അവരുടെ ഹൃദയത്തിൽ ദൈവം ചെയ്ത രൂപാന്തരത്തെക്കുറിച്ചു സംസാരിക്കുന്നത് ജോൺ ബനിയൻ കേൾക്കുവാൻ ഇടയായി . ഈ ഭക്തിയുള്ള സ്ത്രീകളിൽ നിന്നാണ് പാപത്തെക്കുറിച്ചും രക്ഷിക്കപ്പെടേണ്ടതിൻറെ ആവശ്യത്തെക്കുറിച്ചും മനസിലാക്കിയത് . തനിക്ക് അങ്ങനെ ഒരനുഭവം ഉണ്ടായില്ലല്ലോ എന്നത് അദ്ദേഹത്തെ ചിന്തിപ്പിച്ചു. അന്ന് മുതൽ യഥാർത്ഥ മനസാന്തരവും വിശ്വാസവും പ്രാപിക്കുവാനുള്ള ആഗ്രഹം ഉണ്ടായി . ബൈബിൾ വായനയിലൂടെയും പഠനത്തിലൂടെയും ക്രിസ്തുവിലുള്ള വിശ്വാസത്താലാണ് നീതീകരണം പ്രാപിക്കുന്നത് എന്ന് മനസ്സിലാക്കുകയും യേശു ക്രിസ്തുവിനെ സ്വന്തം രക്ഷിതാവും കർത്താവുമായി അംഗീകരിക്കുകയും ചെയ്തു. പിന്നീട് അദ്ദേഹം സ്നാനപ്പെടുകയും ചെയ്തു .

സഭാ യോഗങ്ങളിൽ താൻ വളരെ ഉത്സാഹത്തോടെ സജീവമായി പങ്കെടുത്തു പോന്നു. ജോൺ ബനിയന്റെ പ്രസംഗപാടവത്തെ മനസിലാക്കിയ സഭാ നേതൃത്വം തന്നെ പ്രോത്സാഹിപ്പിച്ചു. 1657-ൽ ജോണിനെ സഭയിലെ ഡീക്കനായി നിയമിച്ചു. തുടർന്ന് അദ്ദേഹം പല സ്ഥലങ്ങളിൽ പരസ്യയോഗങ്ങൾ സംഘടിപ്പിക്കുകയും പ്രസംഗിക്കുകയും ചെയ്തു പോന്നു. ഒരു തകരപ്പണിക്കാരനായ സുവിശേഷ പ്രാസംഗികന്റെ കീർത്തി നാടെങ്ങും പരന്നു. അനേകർ അദ്ദേഹത്തിന്റെര പ്രസംഗം കേൾക്കുവാൻ തടിച്ചു കൂടി. അവർ ക്രിസ്തുവിനെ അറിയുവാൻ ഇടയാകുകയും ചെയ്തു. പലരും അദ്ദേഹത്തിന്റെ ഈ പ്രസംഗപാടവത്തെ അഭിനന്ദിച്ചു. എന്നാൽ മറ്റു ചിലർ അദ്ദേഹത്തിന്റെഇ ഉയർച്ചയിൽ അസൂയാലുക്കളായി.

ആ കാലഘട്ടത്തിൽ ഇംഗ്ലണ്ടിൽ രാജഭരണം പുന:സ്ഥാപിക്കപ്പെട്ടു. ചാൾസ് രണ്ടാമൻ രാജാവായി. തുടർന്ന് രാജ്യവ്യാപകമാ യി ചർച്ച് ഓഫ് ഇംഗ്ലണ്ടിന്റെ എഴുതപ്പെട്ട ആരാധന ക്രമവും പ്രാർത്ഥനാക്രമവും മാത്രമേ എല്ലാവരും പിന്തുടരുവാൻ പറ്റുകയുള്ളൂ എന്ന നിയമം നിർബന്ധമാക്കി.അതിനെതിരായി പ്രതികരിച്ച പ്യൂരിറ്റൻസഭാ വിഭാഗത്തിലുള്ളവരെ ജയിലിൽ അടക്കുകയും. അവരുടെ ആരാധനാ സ്വാത ന്ത്ര്യത്തെ നിരോധിക്കുകയുംചെയ്തു .എന്നാൽ ജോൺ ബനിയൻ ഇതൊന്നും കൂട്ടാക്കാതെ വീടുകളിലും തുറന്ന സ്ഥലങ്ങളിലും എവിടെയൊക്കെ ആളുകൾ തന്റെി പ്രസംഗം കേൾക്കുവാൻ താൽപ്പര്യം ഉണ്ടോ അവിടെയൊക്കെയും അദ്ദേഹംപ്രസംഗിച്ചു.

1660 നവംബർ 12 ന് അധികാരികൾ ഒരു യോഗ സ്ഥലത്തുവെച്ചു തന്നെ അറസ്റ്റ് ചെയ്തു ന്യായാധിപന്റെ മുൻപിൽ തന്നെ കൊണ്ടുവന്നു. ഇനി പ്രസംഗിക്കുകയില്ല എന്ന് ഉറപ്പുതരുകയാണെങ്കിൽ സ്വതന്ത്രനാക്കാം എന്ന് ന്യായാധിപൻ പറഞ്ഞു. അതിന് ജോൺബനിയൻ പറഞ്ഞത് ദൈവത്തെ അനുസരിക്കുകയല്ലാതെയുള്ള ഒരു സ്വാതന്ത്ര്യവും തനിക്കു വേണ്ട, ജയിലിൽ മരിക്കേണ്ടി വന്നാലും അത് സന്തോഷമാണെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. ചർച്ച് ഓഫ് ഇംഗ്ലണ്ടിന്റെ രാജ്യ വ്യാപകമായ ആരാധനാക്രമങ്ങൾക്ക് അനുരൂപപ്പെടാത്തവിധം നിയമവിരുദ്ധമായ തരത്തിൽ നടത്തിവരുന്ന കൂടിവരവുകളെയും സമ്മേളനങ്ങളെയും പിൻതാങ്ങുകയും ചെയ്യുന്നു എന്ന കുറ്റം ചുമത്തി അദ്ദേഹത്തെ ശിക്ഷയ്ക്കു വിധേയനാക്കി ബെഡ്ഫോർഡ് ജയിലിലടച്ചു.

കഷ്ടിച്ചു എഴുതുവാനും വായിക്കുവാനും മാത്രം പഠിച്ചിരുന്ന ഒരു തകരപ്പണിക്കാരൻ ജയിലിൽ വെച്ച് ഒരു പേന കൈയിൽ എടുത്തു ചില വാക്കുകൾ കുട്ടികൾക്ക് വേണ്ടി കുറിച്ചിടുവാൻ തുടങ്ങി. അത് കുട്ടികൾക്ക് വേണ്ടിയുള്ള കവിതകൾ ആയിരുന്നു . പിന്നീട് പല ലഘുലേഖകളും എഴുതി പ്രസിദ്ധീകരിച്ചു. കൂടാതെ 'പാപികളിൽ അഗ്രഗണ്യനായവനിൽ കൃപയുടെ നിറവ്' എന്ന തന്റെ ജീവിതാനുഭവങ്ങളും ഈ കാലയളവിൽ എഴുതപ്പെട്ടു . ആറു വർഷത്തിന് ശേഷം തന്റെയ കുടുംബത്തെ സന്ദർശിക്കുവാനുള്ള അവസരം ലഭിച്ചു. ആ അവസരത്തിൽ ജോൺ ബനിയൻ പല പ്രാർത്ഥനാ കൂട്ടങ്ങളിൽ പങ്കെടുക്കുകയും പ്രസംഗിക്കുകയും ചെയ്തു. എന്നാൽ ജയിൽ അധികാരികൾ ജോൺ പ്രസംഗിക്കുന്ന വിവരം അറിയുകയും തന്മൂലം ശിക്ഷ കഠിനമാക്കുകയും അദ്ദേഹത്തെ പുറംലോകം കാണാത്തവണ്ണം ഇരുട്ടറയിൽ ഇട്ടു .

1672 ൽ രാജാവ് ചർച്ച് ഓഫ് ഇംഗ്ലണ്ടിന്റെജ ആരാധനാക്രമങ്ങളെ അതിലംഘിച്ചു എന്ന കുറ്റം ചുമത്തപ്പെട്ടവരുടെ ശിക്ഷകൾക്ക് ഇളവ് വരുത്തിയതായി പ്രഖ്യാപിച്ചു . അങ്ങനെ ജോൺ ബനിയനും ജയിൽ മോചിതനായി. അതിനു ശേഷം ബെഡ്ഫോർഡിലുള്ള സഭയുടെ പാസ്റ്റർ ആയും അതേ സമയം സഞ്ചാര പ്രാസംഗികനായും പ്രവർത്തിച്ചു വന്നു. ഏകദേശം 100 കിലോമീറ്റർ ദൂരെയുള്ള ലണ്ടൻ പട്ടണത്തിലും ആയിരക്കണക്കിന് ആളുകളോട് ജോൺ ബനിയൻ സുവിശേഷം പ്രസംഗിച്ചു .

1675-ൽ രാജാവ് നൽകിയ ഇളവ് പിൻവലിച്ചു. ജോൺ ബനിയനെ പിന്നെയും അറസ്റ് ചെയ്ത് ആറു മാസത്തേക്ക് ജയിലിൽ അടച്ചു . ഒരു ഗുഹയ്ക്ക് തുല്യമായ ജയിലറയിലായിരുന്നു അദ്ദേഹം കിടന്നതു .ഇവിടെ വെച്ചാണ് വിശ്വവിഖ്യാതമായ പരദേശി മോക്ഷയാത്ര (Pilgrims Progress) എന്ന പുസ്തകം രചിച്ചത്. വിനാശകരമായ നഗരത്തിൽ നിന്നും സ്വർഗ്ഗീയമായ പട്ടണത്തിലേക്കുള്ള ക്രിസ്ത്യാനിയുടെ തീർത്ഥയാത്രയുടെ ഒരു വിവരണമാണ് ഈ പുസ്തകത്തിൽ വിവരിച്ചിട്ടുള്ളത്.എല്ലാ ക്രിസ്ത്യാനികളും വായിച്ചിരിക്കേണ്ട ഒരു പുസ്തകം തന്നെയാണ് ഇത്.


ബൈബിൾ കഴിഞ്ഞാൽ ഏറ്റവും അധികം വിൽക്കപെടുന്നതും പതിനായിരങ്ങളെ സ്പർശിച്ചതുമായ മറ്റൊരു ഗ്രന്ഥം വേറെ ഇല്ല. 200 ൽ അധികം ഭാഷകളിൽ ഈ പുസ്തകം വിവർത്തനം ചെയ്തിട്ടുണ്ട്. യാതൊരു വിദ്യാഭ്യാസ യോഗ്യതകളും ഇല്ലാതെയിരുന്ന ജോൺ ബനിയൻ തന്റെ 12 വർഷത്തെ കാരാഗ്രഹ ജീവിതത്തിൽ 60പുസ്തകങ്ങളും അനേക ലഘുലേഖകളും എഴുതിയിട്ടുണ്ട്. താൻ എത്ര ത്തോളം ബൈബിൾ വായിക്കുകയും പഠിക്കുകയും ചെയ്തിരുന്നു എന്ന് തന്റെ പുസ്തകങ്ങൾ വായിക്കുന്നവർക്ക് മനസിലാക്കുവാൻ സാധിക്കും. ജോൺ ബനിയൻ രചിച്ച 'പ്രാർത്ഥന' എന്ന പുസ്തകം 1970-ൽ സുവിശേഷകൻ പൗലോസ് തുടിയൻ മലയാളത്തിലേക്ക് വിവർത്തനം ചെയ്തത് പ്രസിദ്ധീകരിപ്പാൻ ഇടയായിട്ടുണ്ട്.

ജയിൽ വാസത്തിന് ശേഷംജോൺ ബനിയൻ അനേക സ്ഥലങ്ങളിൽ പ്രസംഗിക്കുകയും സഭകൾ സ്ഥാപിക്കുകയും ചെയ്തു പോന്നു . ഒരു പ്രസംഗകൻ എന്ന നിലയിൽ ആത്മാക്കളുടെ രക്ഷയൊന്നല്ലാതെ മറ്റൊന്നും അദ്ദേഹം പ്രാധാന്യമുള്ളതായി കരുതിയിരുന്നില്ല. ദാരിദ്രമോ ജയിൽ ശിക്ഷയോ ഒന്നും തന്നെ അദ്ദേഹത്തെ നിശബ്ദനാക്കുവാൻ കഴിഞ്ഞില്ല. നശിച്ചു പോകുന്ന ജനസമൂഹത്തെ രക്ഷാനിർണ്ണയത്തിലേക്ക് നയിക്കുക എന്നത് മാത്രമായിരുന്നു ഏക ലക്ഷ്യം .

ഒരു സുവിശേഷ യോഗത്തിനു പങ്കെടുക്കുവാൻ ലണ്ടൻ പട്ടണത്തിലേക്ക് കുതിരപ്പുറത്തു യാത്രചെയ്തുകൊണ്ടിക്കുമ്പോൾ ശക്തമായ മഴയും കാറ്റും കൊള്ളുവാൻ ഇടയായി. അത് കാരണം താൻ അസുഖബാധിതനായിത്തീരുകയും തന്റെ സ്നേഹിതന്റെ ഭവനത്തിൽ വെച്ച് 1688ആഗസ്റ്റ് 31ന് താൻ പ്രിയം വെച്ച കർത്താവിന്റെ സന്നിധിയിൽ ചേർക്കപ്പെടുകയും ചെയ്തു.

ഈ നൂറ്റാണ്ടിലും ദൈവത്താൽ ശക്തമായി ഉപായയോഗിക്കപ്പെട്ട ജോൺ ബനിയന്റെ പേര് കേട്ടിട്ടില്ലാത്ത നാടോ നഗരമോ ജനതകളോ ഇല്ല.


## നിത്യതയിൽ



പൈലി തൊമ്മൻ



അമ്മിണി ജെയിംസ്



വി. സി. ഫിലിപ്പ്



അമ്മിണി കുര്യാക്കോസ്



ജോസഫ് യു. സി.



ദീനാമ്മ എം. ജെ.




ജോൺ വർഗീസ്



ലില്ലി തോമസ്

ക്രിസ്തീയ ദർശനം
CHRISTHEEYA DARSANAM

# പത്രോസ്; വെള്ളത്തിന്മേൽ നടന്ന ഏക മനുഷ്യൻ



ഹാൻലി തോമസ്

**.. പത്രോസ് പടകിൽ നിന്ന് ഇറങ്ങി വെള്ളത്തിന്മേൽ നടന്നു (മത്തായി 14: 29).
ഒരു സാധാരണ മനുഷ്യൻ വെള്ളത്തിന്മേൽ
നടക്കുന്നത് ലോകചരിത്രത്തിൽ ആദ്യത്തേതും
നാളിതുവരെ നടക്കാത്തതുമാണ്.**

**കർത്താവിൽ മാത്രം ആശ്രയിക്കുന്ന ഒരു ഭക്തന് ഒന്നും അസാദ്ധ്യമല്ല.**



**വിശു:** മത്തായിയുടെ സുവിശേഷം 14-ാം അദ്ധ്യായം 22 മുതൽ 32 വരെയുള്ള വേദഭാഗമാണ് മാനവ ചരിത്രത്തിലെ അത്യപൂർവ്വമായ ഈ സംഭവം വെളിപ്പെടുത്തുന്നത്. കർത്താവായ യേശുക്രിസ്തു തന്റെ ഐഹീക ജീവിതകാലത്ത് പ്രക്ഷുബ്ധമായ കടലിന്മേൽ നടന്നതായി നാം ഈ ഭാഗത്ത് വായിക്കുന്നു. "എന്നാൽ ഒരു സാധാരണ മനുഷ്യൻ വെള്ളത്തിന്മേൽ നടക്കുന്നത് ലോകചരിത്രത്തിൽ ആദ്യത്തേതും നാളിതുവരെ നടക്കാത്തതുമാണ്.

യേശു അഞ്ച് അപ്പം കൊണ്ട് അയ്യായിരം പേരെ പോഷിപ്പിച്ചതിന് ശേഷം പുരുഷാരത്തെ പറഞ്ഞ് അയച്ചു. ഈ സമയം ശിഷ്യന്മാർ അക്കരയ്ക്ക് പോകുവാൻ പടകിൽ കയറി, യേശു തനിക്ക് മുമ്പായി അക്കരയ്ക്ക് പോകാൻ അവരെ നിർബന്ധിച്ചു. അതിന്ശേഷം അവൻ മലയിലേക്ക് പ്രാർത്ഥിപ്പാനായി കയറിപ്പോയി, ശിഷ്യന്മാരുടെ പടക് കരവിട്ട് പല നാഴിക ദൂരത്ത് ആയി. സ്ഥിതിഗതികൾ മാറി, കടലിൽ വലിയ കാറ്റ് അടിച്ചു. തിരമാലകൾ ഉയർന്നു. പടക് തിരകളാൽ വലഞ്ഞു. ഈ സന്ദർഭത്തിൽ രാത്രിയിലെ നാലാം യാമത്തിൽ യേശു കടലിന്മേൽ നടന്ന് അവരുടെ അടുക്കലേക്ക് വരികയാണ്. വെള്ളത്തിന്മേൽ നടക്കുന്നത് ഒരു ഭൂതമാണ് എന്ന് കരുതി അവർ പേടിച്ച് നിലവിളിച്ചു. കർത്താവ് അവരോട് പറയുന്നുണ്ട്, ഞാൻ ആകുന്നു, പേടിക്കേണ്ട അവിടെ പത്രോസ്; കർത്താവേ, നീ ആകുന്നു എങ്കിൽ ഞാൻ വെള്ളത്തിന്മേൽ നിന്റെ അടുക്കൽ വരേണ്ടതിന് കല്പിക്കേ ണം എന്ന് പറഞ്ഞു. വരിക, എന്ന് കർത്താ വ് പറഞ്ഞു! പത്രോസ് പടകിൽ നിന്ന് ഇറങ്ങി വെള്ളത്തിന്മേൽ നടന്നു (മത്തായി 14: 29).

പത്രോസ് നമ്മുടെ ഒരു പ്രതീകമാണ്. പത്രോസിന്റെ പരാജയങ്ങൾ നാം മനസ്സിലാക്കിയിട്ടുണ്ട്. ആലോചന കൂടാതെ പ്രതികരിക്കുന്ന പത്രോസിനെ നമുക്ക് പല സന്ദർഭങ്ങളിൽ കാണാം. കർത്താവിനെ തള്ളിപ്പറയില്ല എന്ന് പറഞ്ഞിട്ട് മൂന്ന് പ്രാവശ്യം തള്ളിപ്പറയുന്നതും പടയാളിയുടെ കഴുത്തിന് വെട്ടിയപ്പോൾ കാതിൽ കൊണ്ടതും, കർത്താവിന്റെ ക്രൂശീകരണത്തിന് ശേഷം വലയും പടകും എടുത്ത് പോയതും അങ്ങനെ നിരവധി കാര്യങ്ങൾ. പക്ഷെ അതേ പത്രോസ്, കർത്താവിനെ നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണെന്ന് തിരിച്ചറിഞ്ഞ ഏക ശിഷ്യൻ, ഒറ്റ പ്രസംഗത്തിൽ മൂവായിരം പേർ രക്ഷിക്കപ്പെട്ടു. അവരെ സ്നാനപ്പെടുത്താൻ കഴിഞ്ഞ അപ്പോസോതോലൻ, മരണത്തിൽ ക്രൂശിലെ കർത്താവിന്റെ പാദം ചുബിച്ച് മരിക്കണം എന്നാഗ്രഹിച്ച് തലകീഴായി ക്രൂശിക്കപ്പെട്ടവൻ, വെള്ളിത്തിന്മേൽ നടന്ന ഏക മനുഷ്യൻ, ഇങ്ങനെ പത്രോസ് കർത്താവിന്റെ ശിഷ്യന്മാരിൽ പ്രധാനിയായി.

ഈ പ്രത്യേകമായ സന്ദർഭത്തിലേക്ക് വരുമ്പോൾ പത്രോസ് മറ്റ് ശിഷ്യന്മാരിൽ നിന്ന് തികച്ചും വ്യത്യസ്ഥനാണ് എന്ന് നമുക്ക് കാണാൻ കഴിയും.

### I കർത്താവിനെ കണ്ട് തിരിച്ചറിഞ്ഞ പത്രോസ്

വെള്ളത്തിന്മേൽ നടന്നുവരുന്ന കർത്താവിനെ അവൻ കണ്ടു മനസ്സിലാക്കി. മറ്റ് എല്ലാവരും അത് ഭൂതമാണ് എന്ന് തെറ്റിദ്ധരിച്ചപ്പോൾ, അത് കർത്താവാണ് എന്ന് പത്രോസ് തിരിച്ചറിഞ്ഞു. പത്രോസിന്റെ വിശ്വാസത്തിന്റെ വലിപ്പം നമുക്ക് കാണുവാൻ കഴിയും.

### II കർത്താവിനോട് സംസാരിക്കുന്ന പത്രോസ്

കർത്താവിനെ ആർത്തിരമ്പുന്ന തിരമാലകളുടെ നടുവിൽ, പ്രക്ഷുബദ്ധമായ കടലിന്മേൽ നിൽക്കുന്ന യേശുവിനെ കണ്ടു എന്നു മാത്രമല്ല, യേശു കർത്താവിനോട് അവൻ സംസാരിച്ചു. 12 പേർ പടകിൽ ഉണ്ടായിരുന്നു. 11 പേരും അവനെ തിരിച്ചറിഞ്ഞില്ല. 11 പേരും കർത്താവിനോട് സംസാരിച്ചും ഇല്ല. അവർ എല്ലാവരും നിലവിളിച്ചു. എന്നാൽ പത്രോസ് വിശ്വാസത്തോടെ കർത്താവിനോട് സംസാരിക്കുകയാണ്. ജീവിത പ്രതിസന്ധികളിൽ നമ്മുടെ അരികെ നിൽക്കുന്ന കർത്താവിനെ നാം കാണണം പോരാ അവനോട് നാം സംസാരിക്കേണം.

### III കർത്താവിന്റെ മറുപടി കേൾക്കുന്ന പത്രോസ്

പത്രോസ് കർത്താവിനോട് സംസാരിച്ചു. ആർത്തിരമ്പുന്ന കടലിന്മേൽ നിൽക്കുന്ന കർത്താവ് അതുകേട്ടു. അവൻ മറുപടി നൽകി. ആ പ്രതികൂലമായ സാഹചര്യത്തിലും പത്രോസ് അത് കേട്ടു. മറ്റ് ശിഷ്യന്മാർ അത് കേട്ടില്ല. അവരുടെ അലമുറയിൽ അവർക്ക് അത് കഴിഞ്ഞില്ല.

നമ്മുടെ ജീവിത പ്രതിസന്ധികളിൽ നാം കർത്താവിനോട് സംസാരിക്കുമ്പോൾ അർത്ഥാൽ പ്രാർത്ഥിക്കുമ്പോൾ അവൻ മറുപടി തരുന്നവൻ ആണ്. പക്ഷെ നാമത് കേൾക്കാറില്ല എന്നതാണ് വാസ്തവം. ഒരു പക്ഷെ കർത്താവിന്റെ മറുപടി നമ്മുടെ പ്രതീക്ഷയും വിപരീതം ആയതുകൊണ്ട് അവഗണിച്ചതുമാകാം, നാം മനസ്സിലാക്കേണ്ടകാര്യം, "അവൻ മറുപടി നൽകുന്നവനാണ്.

### IV വിശ്വാസത്തിന്റെ ഉന്നതമായ കാൽവയ്പ് നടത്തിയ പത്രോസ്

കർത്താവ് പത്രോസിനോട് കല്പിച്ചു; "വരിക", പത്രോസ് പടകിൽ നിന്ന് ഇറങ്ങി, വെള്ളത്തിന്മേൽ നടന്നു. ഇത് വിശ്വാസത്തിന്റെ ഉന്നതമായ മറ്റൊരു തലമാണ്. അന്നുവരെ ഒരാളും ചെയ്യാൻ താല്പര്യപ്പെടാത്ത ഒരു കാര്യം. കർത്താവിലുള്ള അചഞ്ചലമായ വിശ്വാസം മൂലം പത്രോസ് ചെയ്യുകയാണ്. പ്രാരംഭത്തിൽ കർത്താവിനെ മാത്രം നോക്കി ഇറങ്ങി വെള്ളത്തിന്മേൽ നടന്ന പത്രോസ്, പിന്നീട് ചുറ്റുപാടിലേക്ക് നോക്കി വെള്ളത്തിൽ താഴാൻ ഇടയായി, കർത്താവിൽ നിന്ന് ശ്രദ്ധമാറ്റുന്ന ഒരു വിശ്വാസിക്ക് പ്രതിസന്ധികളെ അതിജീവിക്കുവാൻ കഴിയുകയില്ല. എന്നാൽ കർത്താവിൽ മാത്രം ആശ്രയിക്കുന്ന ഒരു ഭക്തന് ഒന്നും അസാദ്ധ്യമല്ല.

## ▶▶1 BRETHREN DISTINCTIVES

human form and it is that human form that we all see. So there is no conflict between what the Lord said about God and the fact that humans could see the incarnate Lord Jesus.

Question: How can Jesus be God if He has a God over Him (John 20:17)?

Answer: That is a very interesting way of misinterpreting the Bible. In this passage Lord Jesus says "My God and your God" not the "God OVER me". Here 'My God' is an expression to show the position of the father, as the divine planner of everything. Such expressions are common in human language. When a mother says "our daddy will come home soon", it does not mean that her husband is her daddy. The same is true of the statement in John 20:17.

Question: If Jesus is God, why does He submit His will to the Father (Luke 22:42)? How can Jesus surrender the Kingdom to God if He is God Himself (1 Corinthians 15:28)?

Answer: The question assumes – falsely – that God does not submit to any person. Here the question labels 'submission' as 'inequality' and that is the problem.

Actually the plan of creation, redemption, and glorification involves all three persons in Trinity. God the Father conceived it, God the Son executed it, and God the Holy Spirit sustains it. When there is such a coordinated plan, one person will coordinate and the others will 'submit' to that coordination. Here submission is related to 'management' and not to inequality. All efficient coordination between multiple persons involves coordination and submission and the same is true with the Godhead. This does not mean that those who submit are less than the person who coordinates.

Question: If God can't be tempted by evil, how could Jesus be God seeing He was tempted (James 1:13; Matthew 4:1)? How Could Satan tempt Jesus with something God already possesses (Matthew 4:8-9)?

Answer: Truly God cannot be tempted in any way. However, Lord Jesus took a new nature upon Himself to become God-man. This God-man Savior had three aspects to His nature. The divine nature, the human nature, and the divine-human nature. Of these, the human nature was fully and truly human and that is why Lord Jesus could be hungry and thirsty. It is this human nature that can be tempted. It has nothing to do with the divinity of the Lord Jesus.

## ▶▶1 എക്ലേസിയ എന്ന ദൈവസഭ

*"ഏഴു നിലവിളക്കുകൾ ഏഴു സഭകൾ ആകു ന്നു"* എന്ന വിശദീകരണവും (വെളി. 1:20) യോഹ ന്നാൻ നല്കുന്നുണ്ട്. ഇവിടെ കർത്താവായ യേശുക്രിസ്തുവിന്റെ സ്ഥാനം സഭകളൂടെ നടുവിലാണ്. ഇത് വ്യക്തമാക്കുന്നത് ഓരോ സ്ഥലംസഭയും കർത്താവിനോട് നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു എന്നാണ്. പല പ്രാദേശിക സഭകൾ ഒന്നിച്ചു ചേർത്ത് ഭരണസൗകര്യത്തിനായി ക്രമീകരിച്ചിരിക്കുന്ന സെന്റർ, ഡിവിഷൻ, ഡിസ്ട്രിക്റ്റ്, രൂപത, ഭദ്രാസനം തുടങ്ങിയ കേന്ദ്രീകൃത ഭരണക്രമങ്ങൾ ദൈവവചന പ്രകാരമുള്ളതല്ല. ഓരോ സ്ഥലം സഭയും ആ സഭയിലെ മൂപ്പന്മാരാൽ ഭരിക്കപ്പെടേണ്ടതും (1 തിമൊ. 5:17), പാലിക്കപ്പെടേണ്ടതും (അപ്പൊ. 20:28; 1 തിമൊ. 3:5; 1 പത്രൊസ് 5:2), സ്വയം ഭരണാവകാശമുള്ളതുമാണ്. ഒരു മൂപ്പൻ മാത്രം ഒരു സഭയെ ഭരിക്കുന്ന രീതിയും ഒരു മൂപ്പൻ ഒന്നിലധികം സഭകളെ ഭരിക്കുന്ന രീതിയും ഒന്നിലധികം മൂപ്പന്മാർ ഒന്നിലധികം സഭകളെ ഭരിക്കുന്ന രീതിയും പുതിയനിയ മം പഠിപ്പിക്കുന്നില്ല. ഒരു സഭയുടെമേൽ മറ്റു സഭകൾക്കോ മറ്റു സഭകളിലെ വ്യക്തികൾക്കോ യാതൊരു അധികാരവും ദൈവവചനം നൽകുന്നില്ല.

**3. സ്ഥലംസഭകളുടെ പരസ്പരാശ്രിതത്വം**

ഓരോ സ്ഥലംസഭയും സ്വയം ഭരണാവകാശമുള്ളതാണ് എന്നതുകൊണ്ട് സ്ഥലംസഭകൾ സർവ്വതന്ത്രസ്വതന്ത്രമാണെ ന്നു കരുതരുത്. ദൈവവചന സത്യങ്ങൾ ക്കു വിരുദ്ധമായി ഒരു തീരുമാനം എടുക്കുന്നതിന് സ്ഥലം സഭയ്ക്ക് അനുവാദമില്ല. ഓരോ സ്ഥലം സഭയും സ്വയംഭരണാവകാശമുള്ളതായിരിക്കുമ്പോൾ തന്നെ പരസ്പരാശ്രിതവുമാണ്. ബൈബിൾ പഠിപ്പിക്കുന്ന പുതിയനിയമ ഉപദേശങ്ങൾ വിശ്വസിച്ചും പഠിപ്പിച്ചും സാക്ഷ്യത്തോടെ മുൻപോട്ടു പോകുന്ന സഭകളുമായും അങ്ങനെയുള്ള സഭകളിലെ വിശ്വാസികളുമായും സഹകരണത്തിൽ പോകുന്നതിന് സ്ഥലംസഭയുടെ സ്വയംഭരണാവകാശം ഒരു തടസ്സമല്ല.

**4. സ്ഥലംസഭകൾ തമ്മിൽ പരസ്പരം സഹകരിക്കാവുന്ന ചില മേഖലകൾ**

കർത്താവായ യേശുക്രിസ്തു നൽകിയ മഹാനിയോഗത്തിന്റെ (മത്തായി 28:18-20) നിർവ്വഹണം ലക്ഷ്യമാക്കിയുള്ള സുവിശേഷ പ്രവർത്തനങ്ങളിലും ബൈബിൾ ക്ളാസുകളിലും സഹകരണമാകാം. സഹകരിച്ചുള്ള പ്രവർത്തനങ്ങൾക്ക് വ്യക്തമായ തെളിവാണല്ലൊ അപ്പൊസ്തല പ്രവൃത്തികളിൽ രേഖപ്പെടുത്തിയിരിക്കുന്ന പൗലൊസിന്റെ സുവിശേഷ യാത്രകൾ. തിമൊഥെയൊസിനെപ്പറ്റി *"അവൻ ലുസ്ത്രയിലും ഇക്കോന്യയിലുമുള്ള സഹോദരന്മാരാൽ നല്ല സാക്ഷ്യം കൊണ്ടവൻ ആയിരുന്നു"* (അപ്പൊ. 16:2) എന്ന ലൂക്കൊസിന്റെ റിപ്പോർട്ടും ഈ സഭകൾ തമ്മിലുള്ള സഹകരണത്തെയാണ് കാണിക്കുന്നത്.

സാമ്പത്തിക ബുദ്ധുമുട്ട് അനുഭവിക്കുന്ന ഇതര സ്ഥലംസഭകളിലെ വിശ്വാസികളെ സഹായിക്കുന്നതിൽ സഹകരണമാകാം. റോമർ 15:26, അപ്പൊ. 11:27-30 എന്നീ വചനഭാഗങ്ങൾ ഇത് വ്യക്തമാക്കുന്നു. യെരൂശലേമിലെ വിശുദ്ധന്മാരിൽ ദരിദ്രരായവർക്ക് ധർമ്മോപകാരം ചെയ്‌വാൻ മക്കെദോന്യയിലും അഖായയിലും ഉള്ളവർക്ക് ഇഷ്ടം തോന്നി എന്ന് റോമർ 15:26 സൂചിപ്പിക്കുന്നു.



# യഹോവയ്ക്കായി കാത്തിരിക്കുക



സിസ്റ്റർ ശാന്ത ജെ. ഫിലിപ്പ്

*യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും അവൻ കഴുകന്മാരെപ്പോലെ ചിറകടിച്ചു കയറും. അവർ തളർന്നു പോകാതെ ഓടുകയും ക്ഷീണിച്ചുപോകാതെ നടക്കുകയും ചെയ്യും (യെശയ്യാവ് 46:31).*

ബാല്യക്കാരും, യൗവനക്കാരും, കാര്യപ്രാപ്തിയുള്ളവരും, ക്ഷീണിച്ചുപോകയും ലജ്ജിതരാകുകയും ചെയ്യും. എന്നാൽ യഹോവയെ കാത്തിരിക്കുന്നവർ ലജ്ജിക്കേണ്ടതായി വരികയില്ല. യഹോവയെ കാത്തിരുന്നു ശക്തി പ്രാപിക്കണമെങ്കിൽ നാം ചില കാര്യങ്ങൾ അറിഞ്ഞിരിക്കേണ്ട തുണ്ട്. യഹോവ ആരാണ് എന്നറിഞ്ഞു നാം കാത്തിരിക്കണം. 40–ാം അദ്ധ്യായത്തിൽ തന്നെ അവന്റെ ശക്തിയെക്കുറിച്ചു വർണ്ണിക്കുന്നുണ്ട്. തന്റെ ഉള്ളകൈ കൊണ്ട് വെള്ളം അളക്കുകയും ചാണ കൊണ്ട് ആകാശത്തിന്റെ പരിമാണമെടുക്കുകയും ഭൂമിയുടെ പൊടി നാഴിയിൽ കൊള്ളിക്കയും പർവ്വതങ്ങൾ വെള്ളിക്കോൽ കൊണ്ടും കുന്നുകൾ തുലാസിലും തൂക്കുകയും, ആകാശ വിതാനത്തിലെ സൈന്യത്തെ സംഖ്യാക്രമത്തിൽ പുറപ്പെടുവിക്കയും അവയെ എല്ലാം പേർ ചൊല്ലി വിളിക്കുകയും ചെയ്യുന്നവനാണ് നാം കാത്തിരിക്കുന്ന യഹോവ (യെശ. 40:12,26) ഈ ബലവാനായ യഹോവ നമ്മെ കൈപിടിച്ച് നടത്തുന്നവനാണ്. (യെശയ്യ 42:7). ആ യഹോവ പറയുകയാണ് നീ ഭയപ്പെടേണ്ട ഞാൻ നിന്നെ വീണ്ടെടുത്തിരിക്കുന്നു ഞാൻ നിന്നെ പേർ ചൊല്ലി വിളിച്ചിരിക്കുന്നു. നീ എനിക്കുള്ളവൻ തന്നെ. നീ വെള്ള ത്തിൽ കൂടി കടക്കുമ്പോൾ അവ നിന്റെ മീതെ കവിയുകയില്ല. നീ തീയിൽ കൂടി നടന്നാൽ വെന്തുപോകുകയില്ല. അതെ ആ സ്നേഹവാനായ കർത്താവിനെയാണ് നാം കാത്തിരിക്കുന്നത് എന്ന് നാമറിഞ്ഞിരിക്കേണം.

## നാം ആരാണ് എന്ന് നാമറിഞ്ഞിരിക്കേണം

മോശ യഹോവയുടെ സന്നിധിയിൽ പറയുന്നത് ഞാൻ ഫറവോന്റെ അടുക്കൽ പോകുവാനും യിസ്രായേൽ മക്കളെ പുറപ്പെടുവിക്കാനും ഞാൻ എന്തു മാത്രമുള്ളു. മോശെയുടെ ഒന്നുമില്ലായ്മ അവൻ ദൈവത്തിന്റെ സന്നിധിയിൽ സമ്മതിക്കുന്നതായി കാണുന്നു. എന്നാൽ മോശയുടെ കയ്യിലുള്ള വടി കർത്താവ് എടുത്തു അതു ദൈവത്തിന്റെ വടിയായി മോശ കയ്യിൽ എടുക്കുന്നതായി നാം കാണുന്നു. (പുറപ്പാടു 4:21). ശതാധിപന്റെ ദാസന് സുഖമില്ലാതെ വന്നപ്പോൾ ശതാധിപൻ യെഹൂദന്മാരുടെ മൂപ്പന്മാരെ അവന്റെ അടുക്കൽ അയച്ച് സൗഖ്യമാക്കുവാൻ അപേക്ഷിക്കുന്നു. യേശു ആ വീടിനോട് അടുക്കുമ്പോൾ ശതാധിപൻ ആ സ്നേഹിതന്മാരെ അവന്റെ അടുക്കൽ അയച്ച് കർത്താവേ പ്രയാസപ്പെടേണ്ട നീ എന്റെ പുരക്കകത്തു വരുവാൻ ഞാൻ പോരാത്തവനാണ്. അതുകൊണ്ട് നിന്റെ അടുക്കൽ വരുവാൻ ഞാൻ യോഗ്യൻ എന്ന് എനിക്ക് തോന്നിട്ടില്ല. ഒരു വാക്ക് കല്പ്പിച്ചാൽ എന്റെ ബാല്യക്കാരന് സൗഖ്യം വരും.

യെരുശലേമിൽ അനേകം രോഗികളുണ്ടായിരുന്നു. എന്നാൽ അവർ എല്ലാവരും സൗഖ്യമായതായി കാണുന്നില്ല എന്നാൽ ശതാധിപൻ കർത്താവിന്റെ മുമ്പാകെ താണ് താൻ ഒന്നുമല്ല എന്ന് സമ്മതിച്ചപ്പോൾ അവിടെ കർത്താവ് പ്രവർത്തിക്കുന്നതായി കാണുന്നു. ഞാൻ മാറി അവിടെ കർത്താവ് വന്നെങ്കിലേ യഹോവയെ കാത്തിരിക്കുവാനും ശക്തി പ്രാപിക്കുവാനും കഴിയുകയുള്ളു.

നമ്മെ പൂർണ്ണമായി സമർപ്പിച്ചുകൊണ്ട് യഹോവയ്ക്കായി കാത്തിരിക്കണം. പത്രോസും ശിഷ്യന്മാരും കർത്താവിനായി കാത്തിരിക്കേണ്ടതിനു പകരം മീൻപിടിക്കാൻ പോകുന്നു. എന്നാൽ രാത്രി മുഴുവനും അദ്ധ്വാനിച്ചിട്ടും അവർക്ക് ഒന്നും കിട്ടിയില്ല. കർത്താവ് അവരെ ഉപേക്ഷിക്കാതെ അവർക്കായി തീക്കനലിൽ ചുട്ട അപ്പവും മീനും ഒരുക്കിവെച്ചിട്ട് അവരോട് പ്രാതൽ കഴിക്കുവാൻ പറയുന്നു. അതിനു ശേഷം പത്രോസിനോട് ചോദിക്കുന്നു. നീ ഇവരിൽ അധികമായി എന്നെ സ്നേഹിക്കു ന്നുവോ? ഉവ്വ് കർത്താവെ എനിക്ക് നിന്നോട് പ്രിയമുണ്ട്. കർത്താവ് 3 പ്രാവശ്യം ചോദിക്കുന്നു. പത്രോസിന് കർത്താവ് ആരാണെന്നും താൻ എന്താണെന്നും ശരിക്കും മനസ്സിലായി. അവൻ അവനെ തന്നെ കർത്താവിനായി സമർപ്പിക്കുന്നു. കർത്താവെ നീ സകലവും അറിയുന്നു. എനിക്ക് നിന്നോട് പ്രിയമുണ്ട് എന്നും നീ അറിയുന്നു. യേശു അവനോട് എന്റെ ആടുകളെ മേയ്ക്ക്. പൂർണ്ണമായി സമർപ്പിക്കപ്പെട്ട പത്രോസിനെ കൊണ്ട് ദൈവം എങ്ങനെ ഉപയോഗിക്കും എന്നുള്ളത് പ്രവർത്തികളുടെ പുസ്തകം 2–ാം അദ്ധ്യായത്തിൽ നമ്മുക്ക് കാണാം. അന്ന് ഏക ദേശം മുവായിരത്തോളം പേർ മാനസാന്തരപ്പെട്ട് സ്നാനപ്പെട്ട് സഭയോട് ചേർന്നു. അതെ യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും അവർ കഴുകന്മാരെ പോലെ ചിറകടിച്ചു കയറും എന്നുള്ളതു എത്ര വാസ്തവം ആണ് എന്നു പത്രോസിന്റെ പിൻകാല ജീവിതത്തിൽ നിന്ന് നമ്മുക്ക് മനസ്സിലാക്കാം.

21ാം വയസ്സിൽ ഇംഗ്ലണ്ടിലുള്ള ഡോ. മൂണിന് അസുഖം പിടിപ്പെട്ട് താൻ ഒരു അന്ധനായി. ഡോ. മുൺ ഒരു ദൈവഭക്തനായിരുന്നു. അദ്ദേഹം ഇങ്ങനെ പ്രാർത്ഥിച്ചു. കർത്താവെ ഞാൻ വെറുമൊരു അന്ധനാകുന്നു. നീ എനിക്ക് തന്നെ ഈ അന്ധതയ്ക്ക് ഞാൻ നിന്നെ സ്തുതിക്കുന്നു. നിന്നെ കാത്തിരിക്കുന്നവർക്ക് ശക്തിയെ കൊടുക്കുന്ന കർത്താവെ നിന്റെ നാമമഹത്വത്തിന് ഉപയോഗിക്കപ്പെടുന്ന ഒരു ഉപക രണമായി എന്റെ ബലഹീനതയെ തീർക്കേണമെ. ദൈവം ഡോ. വില്യം മൂണിന്റെ പ്രാർത്ഥന കേട്ട് അന്ധന്മാർക്ക് ഒരു രീതിയിലുള്ള അക്ഷര ലിപി കണ്ടുപിടിക്കുവാൻ ദൈവം വില്യം മൂണിനെ ബലപ്പെടുത്തി. അതു മുഖാന്തരം അനേകം അന്ധന്മാർക്ക് തിരു വചനം വായിക്കുന്നതിനു സ്വർഗ്ഗരാജ്യത്തിന്റെ അവകാശികളായിത്തീരുന്നതിനും ഇടയായി. കർത്താവിന്റെ വരവിങ്കൽ അവന്റെ മഹത്വത്തിന് കാരണമായ വലിയോരു കൂട്ടം കുരുടരായിട്ടല്ല, തേജസ്സേറിയ നയനങ്ങൾ ഉള്ളവരായി കർത്താവിന്റെ മുഖം കാണും. യഹോവയ്ക്കായി കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കം . വരും ദിവസങ്ങളിൽ യഹോവയ്ക്കായി കാത്തിരുന്ന, ശക്തിയെ പുതുക്കിക്കൊണ്ട് കർത്താവിനായി ജീവിക്കുവാൻ കർത്താവ് നമ്മെ സഹായിക്കട്ടെ. അവന്റെ വലിയ നാമം മഹത്വപ്പെടുമാറാകട്ടെ.


## ബിലീവേഴ്സ് റിലീഫ് ട്രസ്റ്റ് വിദ്യാഭ്യാസസഹായം 2023

**സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന വിശ്വാസികളുടെ മക്കൾക്കു ബിലീവേഴ്സ് റിലീഫ് ട്രസ്റ്റിലൂടെ വിദ്യാഭ്യാസസഹായം നൽകുന്നതിനായി അപേക്ഷകൾ ക്ഷണിക്കുന്നു.**

**എട്ടാം ക്ലാസ്സ് മുതൽ മുകളിലേക്ക് പഠിക്കുന്ന വർക്കാണ് സഹായത്തിനുള്ള അർഹത.**

ടി വിദ്യാർത്ഥികളുടെ രക്ഷകർത്താക്കൾ താഴെചേർത്തിരിക്കുന്ന മാതൃകയിലുള്ള അപേക്ഷ പൂരിപ്പിച്ച് സഭാ മൂപ്പന്മാരുടെ സാക്ഷ്യപത്രത്തോടു കൂടെ ഇക്കൊല്ലത്തെ കോഴ്സ് സർട്ടിഫിക്കറ്റ് സഹിതം അയക്കേണ്ടതാണ്.

2022–23 അധ്യയനവർഷം 10, 12 ക്ലാസ്സുകളുടെ ഫൈനൽ പരീക്ഷയിൽ എല്ലാവിഷയങ്ങൾക്കും എ പ്ലസ് ലഭിച്ചവർ മാർക്ക്ലിസ്റ്റിന്റെ സാക്ഷ്യപ്പെടുത്തിയ ഫോട്ടോകോപ്പി പേക്ഷയുടെകൂടെഅയക്കേണ്ടതാണ്. അവർക്ക് പഠനമികവിനുള്ള ഒരു ചെറിയ സ്കോളർഷിപ്പ് ലഭിക്കുന്നതായിരിക്കും.

അയക്കേണ്ടവിലാസം:

Secretary, Believers Relief Trust, P.O. Box 60,
Kumbanad P.O., PTA 689547.
Phone +469 2999947, : 9188256000

Samkutty George (Secretary)

**ബിലീവേഴ്ഷ് റിലീഫ് ട്രസ്റ്റ്** **P.O. Box 60, Kumbanad P.O. 689547**

ദി ബ്രദറൺ അസംബ്ലി ദുബായ്, ദോഹ ബ്രദറൺ അസംബ്ലി വക വിദ്യാഭ്യാസ സഹായത്തിനുള്ള അപേക്ഷ 2023

1.അപേക്ഷകന്റെ (രക്ഷകർത്താവിന്റെ) പേര്.................................................

2. മേൽവിലാസം (ജില്ലയും പിൻകോഡും സഹിതം).................................................

.................................................

.................................................ഫോൺ നംബർ.................................................

3. വിദ്യാർത്ഥിയുടെ പേര്.................................................

4. രക്ഷകർത്താക്കളുടെ തൊഴിലും മാസവരുമാനവും

(1) പിതാവ്.................. (2) മാതാവ്.................. (3) ആകെ മാസവരുമാനം..................

5. രക്ഷകർത്താക്കളും വിദ്യാർഥിയും രക്ഷിക്കപെട്ടതാണോ?..................

6. നല്ല സാക്ഷ്യം പുലർത്തി സ്ഥലം ബ്രദറൺ സഭാ ബന്ധത്തിൽ സന്തോഷമായിരിക്കുന്നുവോ?..................

7. രക്ഷിതാക്കളും വിദ്യാർത്ഥിയും ഉൾപ്പെട്ടിരിരിക്കുന്ന സ്ഥലം ബ്രദറൺ സഭയേത്?.

.................................................

8. വിദ്യാർഥി പഠിക്കുന്ന സ്ഥാപനത്തിന്റെ പേര്.................................................

9. ഏതു ക്ലാസ്സിൽ/ ഏതു കോഴ്സിന് / എത്രാം വർഷം പഠിക്കുന്നു.................................................

10. കഴിഞ്ഞ വർഷം പഠിച്ച ക്ലാസിൽ നിന്ന് വിജയിച്ചോ?.................................................
(തോറ്റവർ അപേക്ഷിക്കേണ്ടതില്ല)

11. ഈ വർഷത്തെ കോഴ്ഷ് സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം വച്ചിട്ടുണ്ടോ?.................................................
(കോഴ്ഷ് സർട്ടിഫിക്കറ്റ് ചേർത്ത് അയയ്ക്കാത്ത അപേക്ഷ സ്വീകാര്യമല്ല)

12. കഴിഞ്ഞ വർഷം സഹയം ലഭിച്ചിരുന്നോ?.................. എങ്കിൽ എത്ര രൂപ ..................

13. ഈ ട്രസ്റ്റ് വഴി വിതരണം ചെയ്യുന്ന വേറെ എതെങ്കിലും സഹായം ലഭിച്ചിട്ടുണ്ടോ?..................

എങ്കിൽ വിവരം..................

14. വിദ്യാർത്ഥിയുടെ ഒപ്പ്..................15. രക്ഷകർത്താവിന്റെ ഒപ്പ്..................

16. സ്ഥലം..................തീയതി..................

17. രക്ഷകർത്താവിന്റെ/ വിദ്യാർഥിയുടെ ബാങ്ക് അക്കൗണ്ടിലെ പേര്..................

18. ബാങ്ക് അക്കൗണ്ട് നമ്പർ..................IFSC Code..................

19. ബാങ്കിന്റെ പേരും ബ്രാഞ്ചും..................
( പാസ്ബുക്കിലെ ആദ്യ പേജിന്റെ ഫോട്ടോ സ്റ്റാറ്റ് അപേക്ഷയോടോപ്പം വെക്കേണ്ടതാണ് )

20. സ്ഥലം സഭയിലെ മുപ്പന്മാരുടെ/ ചുമതലപ്പെട്ടവരുടെ ശുപാർശ (4 മുതൽ 10 വരെ ഉള്ള വിവരങ്ങളെക്കുറിച്ച് വ്യക്തമായി സാക്ഷ്യപ്പെടുത്തിയിരിക്കണം. വിദ്യാർത്ഥിയും രക്ഷാകർത്താക്കളും കൂട്ടായിമയിൽ സംബന്ധിക്കുന്നുണ്ടോ എന്ന് വ്യക്തമായി എഴുതണം).

.................................................

.................................................

.................................................

21. സാക്ഷ്യപ്പെടുത്തിയ മൂപ്പന്മാരുടെ/ ചുമതലപെട്ടവരുടെ പേരും വിലാസവും ഒപ്പും ഫോൺ നമ്പരും

.................................................

.................................................

.................................................

22. തീയതി .................. 23. സഭയുടെ സീൽ.

(Encl 1. Course Certificate 2. Mark list (as applicable for Full A+ students 2. Bank Pass Book First Page)

ക്രിസ്തീയ ദർശനം
CHRISTHEEYA DARSANAM

# ക്രിസ്തീയ പൗരോഹിത്യം





റെജി ഈട്ടിമൂട്ടിൽ

പഴയനിയമ കാലത്തു അതിപ്രധാനമായ മൂന്ന് ശുശ്രൂഷാ മേഖലകൾ ഉണ്ടായിരുന്നു. രാജാവ്, പ്രവാചകൻ, പുരോഹിതൻ എന്നിവയാണവ.'രാജാവ്' പ്രവാചകൻ, പുരോഹിതൻ എന്നീവയാണീവ. 'രാജാവ്' ദൈവത്തിനുവേണ്ടി ജനത്തെ ഭരിക്കുന്നവനും 'പ്രവാചകൻ' ദൈവീക സന്ദേശം മനുഷ്യരോട് അറിയിക്കുന്നവനും 'പുരോഹിതൻ' ജനത്തിനുവേണ്ടി ദൈവസന്നിധിയിൽ ശുശ്രൂഷ ചെയ്യുന്നവനാണ്.

## വിവിധ പൗരോഹിത്യങ്ങൾ

വിശുദ്ധ ബൈബിളിലെ പഴയനിയമ പുതിയനിയമ വെളിപാടുകളിൽ വിവിധ പൗരോഹിത്യ മേഖലകൾ ദർശിക്കാം.

### 1. രാജകീയ പൗരോഹിത്യം
#### മൽക്കീസേദെക്കിന്റെ ക്രമപ്രകാരമുള്ള പൗരോഹിത്യം

ശാലേം രാജാവായ മൽക്കീസേദെക്കും അത്യുന്നതദൈവത്തിന്റെ പുരോഹിതനുമായിരുന്നു (ഉല്പ.14:18-20) ഈ പൗരോഹിത്യം രാജകീയമായിരുന്നു. ഈ അത്ഭുത മനുഷ്യൻ ദൈവപുത്രനായ യേശുക്രിസ്തുവിന്റെ നിഴലാണ് (എബ്രാ.7:1-10). ആയിരം വർഷ ഭരണത്തിൽ ക്രിസ്തു രാജാവും പുരോഹിതനുമായി മൽക്കീസോദെക്കിന്റെ ക്രമത്തിൽ എന്നേക്കും പുരോഹിതനായിരിക്കും (എബ്രാ.5:6,7, സെഖ.6:12,13).

### 2. കുടുംബ പൗരോഹിത്യം

ഗാർഹിക ക്രമത്തിലുള്ള അനേകം പുരോഹിതന്മാരെ തിരുവചനത്തിൽ കാണുന്നു. തനിക്കും തന്റെ കുടുംബത്തിലുള്ളവർക്കും വേണ്ടി യാഗം അർപ്പിക്കുന്ന നിരവധി ഗ്രഹനാഥന്മാരെ തിരുവചനത്തിൽ കാണാം. നോഹെ (ഉല്പ.8:20.21), അബ്രഹാം (ഉല്പ.12:7,8), യിസഹാക്ക് (ഉല്പ.26:25,31,54), യാക്കോബ് (ഉല്പ.35:1-7), ഇയ്യോബ് (ഇയ്യോ.1:5,42:8).

### 3. അഹരോന്യ പൗരോഹിത്യം.

യിസ്രായേലിന്റെ പന്ത്രണ്ടു ഗോത്രങ്ങളിൽ ലേവിഗോത്രത്തെയും ലേവിഗോത്രത്തിൽ നിന്നും അഹരോന്യ കുടുംബത്തെയും പൗരോഹിത്യ ശുശ്രൂഷയ്ക്കായി ദൈവം തിരഞ്ഞെടുത്തു. അഹരോനും അവന്റെ പുത്രന്മാർക്കും തലമുറതലമുറയായി ദൈവം പുരോഹിത ശുശ്രൂഷ നൽകി (ലേവ്യ.8, സംഖ്യ: 8-10, 2ദിന.26:16-21). സമാഗമനകൂടാരം മുതൽ അ.ഉ 70-ൽ യെരുലേം ദൈവാലയത്തിന്റെ നാശംവരെയും അഹരോനും പുത്രന്മാർ പൗരോഹിത്യ ശുശ്രൂഷ നിർവ്വഹിച്ചു.

### 4. ജാതീയ പൗരോഹിത്യം.

ലോക ജനതയുടെ നടുവിൽ സത്യ ദൈവത്തിന്റെ പൗരോഹിത്യ സ്ഥാനത്തിലേക്ക് ദൈവം യിസ്രയേൽ ജനതയെ തിരഞ്ഞെടുത്തു. ആരാധനയും, യാഗങ്ങളും, ന്യായപ്രമാണവും, വാഗ്ദത്തങ്ങളും, പുത്രത്വവും എല്ലാം അവർക്ക് നല്കി സത്യ ദൈവരാധനയുടെ പുരോഹിതരായി ദൈവം അവരെ നിയോഗിച്ചു (പുറ.19:5,6, റോമ.9:4-6) എന്നാൽ യിസ്രയേൽ അതിൽ പരാജിതരായി (ഹോശേ.4:6). സഹസ്രാബ്ദ വാഴ്ച്ചാകാലത്ത് യിസ്രായേൽ ലോകത്തിന്റെ നടുവിൽ പുരോഹിതരായി ദൈവത്തിന് ശുശ്രൂഷ ചെയ്യും (യെശ.61:6, യെഹ.44:15,16).

### 5. ക്രിസ്തീയ പൗരോഹിത്യം.

കൃപാകാലയളവിൽ ദൈവത്തിന്റെ പുരോഹിത ശുശ്രൂഷയ്ക്കായി ദൈവം തിരഞ്ഞെടുത്തിരിക്കുന്നത് ദൈവസഭയാണ് (1പത്രോ.2:5-9, വെളി.1:6). ഇതൊരു ആത്മീയ പുരോഹിത ശുശ്രൂഷയാണ്. അക്ഷരത്തിന്റെ ശുശ്രൂഷയല്ല തേജസ്സിന്റെ ശുശ്രൂഷ. ന്യായപ്രമാണത്തിലേതു പോലെ മരണത്തിന്റെ ശുശ്രൂഷയല്ല ആത്മാവിന്റെ ശുശ്രൂഷ (2 കൊരി.3:1-18). പഴയനിയമത്തിൽ ലേവി ഗോത്രത്തിൽപ്പെട്ട അഹരോനും പുത്രന്മാർക്കും മാത്രമാണ് പൗരോഹിത്യം ലഭിച്ചിരുന്നതെങ്കിൽ പുതിയ നിയമത്തിൽ എല്ലാവിശ്വാസികളും പുരോഹിതന്മാരാണ് (1 പത്രോ.2:9).

## ക്രിസ്തീയ പൗരോഹിത്യത്തിന്റെ സവിശേഷതകൾ.

പുതിയനിയമ വിശ്വാസികളുടെ പൗരോഹിത്യത്തിന് നിരവധി സവിശേഷതകളുണ്ട്. അവ ഓരോന്നും താല്പര്യപ്രദായകമാണ്.

### 1. പൗരോഹിത്യത്തിന്റെ അടിസ്ഥാനം- ജീവനുള്ള കല്ല്

'മനുഷ്യർ തള്ളിയതെങ്കിലും ദൈവസന്നിധിയിൽ ശ്രേഷ്ഠവും മാന്യവുമായ ജീനുള്ള കല്ലായ (Living stone) അവന്റെ അടുക്കൽ വന്നിട്ടു നിങ്ങളും ജീവനുള്ള കല്ലുകൾ എന്നപോലെ.....(1 പത്രോ.2:4,5). ജീവനുള്ള കല്ലായ ക്രിസ്തുവിലുള്ള വിശ്വാസത്താലാണ് നാം ജീവനുള്ള കല്ലുകളായത്. നമ്മുടെ വിശ്വാസത്തിന്റെയും പൗരോഹിത്യത്തിന്റെയും അടിസ്ഥാനം ക്രിസ്തുവാണ്. അവൻ മുഖാന്തിരമാണ് നാം പൗരോഹിത്യത്തിലേക്ക് പ്രവേശിച്ചത് (മത്താ.16:18, എഫെ.2:5,8, റോമ.5:2)

### 2. പൗരോഹിത്യത്തിന്റെ മേഖല- ആത്മീക ഗൃഹം.

പുതിയനിയമ വിശ്വാസികളുടെ പൗരോഹിത്യത്തിന്റെ സ്ഥാനം അഥവാ മേഖല ദൈവസഭ എന്ന ആത്മീയഗൃഹമാകുന്നു. അത് വിശ്വാസികൾ ആരാധനയ്ക്ക് കൂടി വരുന്ന മന്ദിരങ്ങളെ. പിന്നെയോ; രണ്ടോ മൂന്നോ പേർ കർത്താവിന്റെ നാമത്തിൽ കൂടി വരുന്ന ദൈവസന്നിധിയാകുന്നു (മത്താ.18:20) ആരാധനയ്ക്കായി ദൈവജനം തിരശ്ശീലയ്ക്ക്കത്തുള്ള അന്തർമന്ദിരം വരെ വിശ്വാസത്താൽ ഇവിടെ എത്തിച്ചേരുന്നു (എബ്രാ.10:19-24. 8:1-2, 9:11,12). സ്വർഗ്ഗീയ മന്ദിരത്തിന്റെ അലൗകികമായ അനുഭവമാണിത്. ക്രിസ്തു എന്ന നമ്മുടെ മഹാപുരോഹിതൻ അവിടെ നമുക്കായിട്ടുണ്ട് (എബ്രാ.4:14, 9:24, 5:1-7).

### 3. പൗരോഹിത്യത്തിന്റെ പദവി- രാജകീയം

മൽക്കീസേദെക്ക് രാജാവും പുരോഹിതനുമായിരുന്നു (ഉല്പ.14:18-20). യേശുക്രിസ്തുവിന്റെ മഹാപൗരോഹിത്യം മൽക്കീസേദെക്കിന്റെ ക്രമപ്രകാരമുള്ളതാണ് (എബ്രാ.5:5-6). ക്രിസ്തുവിൽ നിന്നുമാണ് വിശ്വാസികൾ പൗരോഹിത്യം പ്രാപിച്ചത് (1 പത്രോ.2:4,5). നമ്മുടെ പൗരോഹിത്യം 'രാജകീയ പുരോഹിത്വം' എന്ന് വിളിക്കപ്പെടുന്നു (1പത്രോ.2:9, വെളി.1:6). ദൈവം നമ്മെ രാജാക്കന്മാരും പ്രവാചകന്മാരുമായി തിരഞ്ഞെടുത്തിരിക്കുന്നു.

### 4. പൗരോഹിത്യത്തിന്റെ സ്വഭാവം- ആത്മീയം

അഹരോന്റേതു പോലെ വിശേഷവസ്ത്രമോ, അക്ഷരീകമായ ഒരു മന്ദിരമോ, രക്തം ചൊരിയുന്ന യാഗാർപ്പണമോ, കൂടാരത്തിനകത്തുള്ള യാഗപീഠമോ, നിലവിളക്കോ, കൃപാസനമോ അക്ഷരപ്രതി നമുക്കില്ല (പുറ. 28: 14-12,39:30, പുറ.26:33,34, ലേവ്യ.1:1-8).

നമ്മുടെ പുരോഹിതൻ ക്രിസ്തുവും മന്ദിരം സ്വർഗ്ഗീയവും, യാഗങ്ങൾ അത്മീകവും കൃപാസനം ദൈവസന്നിധിയും ആകുന്നു (എബ്രാ.4:14-16,5:1,7:11-28,8:1-5, 9:7-28,10:1-25, 13:914, 1പത്രോ.2:5-9, വെളി.1:6).

### 5. പൗരോഹിത്യത്തിന്റെ ശുദ്ധത- വിശുദ്ധ പുരോഹിതർ

പുരോഹിതന്മാർ പൗരോഹിത്യ ശുശ്രൂഷയ്ക്കായി തങ്ങളെ തന്നെ വിശുദ്ധരാക്കണമായിരുന്നു. കാരണം അവർ ചെയ്യുന്ന ശുശ്രൂഷകൾ ഗൗരവമേറിയ തേജസ്സിന്റെ ശുശ്രൂഷകളായിരുന്നു (പുറ.28:1-7, 1കൊരി.3:1-18). അശുദ്ധമായോ, അലസമായോ ശുശ്രൂഷ നിർവ്വഹിച്ചാൽ അവരുടെ ജീവൻ തന്നെ നഷ്ടമാകുമായിരുന്നു (ലേവ്യ.9:1-7, 10:1-4).

നാം ദൈവത്തിന് 'ഒരു വിശുദ്ധ പുരോഹിതവർഗ്ഗമാകുന്നു' (1 പത്രോ.2:5). പാപം മറയ്ക്കപ്പെട്ട ഒരു വിശദീകരണമല്ല പിന്നെയോ പാപം പരിഹരിക്കപ്പെട്ട സ്ഥാനീയമായ ഒരു വിശുദ്ധീകരണമാകുന്നു. നാം വിശുദ്ധന്മാരത്രെ (എബ്രാ.9:7-10, 14-17, 1കൊരി.1:1. കൊലോ.1:13-14, എബ്രാ.10:19-12).

### 6. പൗരോഹിത്യത്തിന്റെ വ്യാപ്തി- ദൈവഭവനം

പഴയനിയമത്തിന്റെ ആത്മീക ശുശ്രൂഷ ലേവ്യഗോത്രത്തിനും പൗരോഹിത്യം അഹരോനും അവന്റെ പുത്രന്മാർക്കും മാത്രമായി നിജപ്പെടുത്തിയിരുന്നു (ലേവ്യ.8:1-15, സംഖ്യ.16:8-10, 2ദിന.26:16-21). എന്നാൽ പുതിയനിയമപ്രകാരം ദൈവസഭയിൽ പട്ടക്കാരും അയ്മേനികളും എന്ന് രണ്ട് വിഭാഗങ്ങളില്ല. ക്രിസ്തു മഹാപുരോഹിതനും (എബ്രാ.7:26-28) വിശ്വാസികൾ എല്ലാവരും പുരോഹിതന്മാരുമാകുന്നു (1 പത്രോ.2:5-9, വെളി.1:6). ചില ക്രൈസ്തവ പള്ളി മതങ്ങളിൽ നിലനിൽക്കുന്ന പട്ടത്വ വ്യവസ്ഥിതിയ്ക്ക് ബൈബിളുമായി യാതൊരു ബന്ധവുമില്ല.

### 7. പൗരോഹിത്യത്തിന്റെ അർപ്പണം- ആത്മീകയാഗങ്ങൾ

പുതിയനിയമ വിശ്വാസികളുടെ യാഗങ്ങളെ 'ആത്മീകയാഗങ്ങൾ' (1 പത്രോ.2:5) എന്നും 'ഏറെ നല്ല യാഗങ്ങൾ' (എബ്രാ.9:23) എന്നുമാണ് തിരുവചനം വിശേഷിപ്പിച്ചിരിക്കുന്നത്. ഒരു പുരോഹിതന്റെ മുഖ്യ ശുശ്രൂഷ യാഗാർപ്പണമാണ്. പുതിയനിയമ പുരോഹിതന്മാർ അർപ്പിക്കേണ്ട യാഗങ്ങൾ അനവധിയാണ്. ലേവ്യയാഗങ്ങൾക്ക് ക്രിസ്തുവിന്റെ ശരീരബലിയോടെ വിരാമം വന്നു (എബ്രാ.10:11,12). ഇന്ന് ചില ക്രൈസ്തവ സഭകളിൽ തിരുവത്താഴത്തെ 'ബലി' യായി കണക്കാക്കുന്നത് വചന വിരുദ്ധവും പാപവുമാണ്. ദൈവജനം അർപ്പിക്കേണ്ട യാഗങ്ങൾ വചനം വെളിപ്പെടുത്തിയിരിക്കുന്നത് നോക്കുക.1. സ്തോത്രം എന്ന യാഗം (എബ്രാ.13:15)

---

# ▶▶3 കൊലോസ്യലേഖന പഠനം

വ്ത തന്റെ ദാസൻ മുഖാന്തരം വെളിപ്പെടുത്തുന്നു. ദൂതന്മാരെ ആരാധിക്കണം എന്നുള്ള (2:18) ഉപദേശത്തിനു സ്വാധീനം ലഭിച്ച ഒരു സഭാ പശ്ചാത്തലത്തിൽ ദൂതന്മാരെ സൃഷ്ടിച്ച ക്രിസ്തുവാണ് ആരാധനയ്ക്ക് യോഗ്യൻ എന്നത് ദൈവാത്മാവ് വ്യക്തമായി വെളിപ്പെടുത്തുന്നു. സകലത്തിനും മുമ്പേയുള്ള വൻ എന്നും സകലത്തിനും ആധാരമായിരിക്കുന്നു (വാ.17) എന്നുമുള്ള പ്രസ്താവനയാൽ ക്രിസ്തു സൃഷ്ടിയല്ലെന്നും സ്രഷ്ടാവും അധികാരിയുമാണെന്നുംവ്യക്തമാക്കുന്നു.

ക്രിസ്തുവിന്റെആധിപത്യംസഭയോടുള്ള ബന്ധത്തിൽ1:18 പ്രപഞ്ചസൃഷ്ടിപ്പിന്റെ കാരണഭൂതൻ മാത്രമല്ല, പുതിയസൃഷ്ടിയായ സഭയുടെ സ്രഷ്ടാവും പുത്രനായ ക്രിസ്തുതന്നെയാണ്. സഭയുടെ തല എന്ന പരാമർശത്താൽ സഭയുടെ അധികാരിയും, നായകനും ക്രിസ്തു എന്ന് വെളിപ്പെടുത്തുന്നു. തലയില്ലാത്ത ശരീരം ജീവനറ്റതും നിഷ്പ്രഭാവും ആയിരിക്കുന്നത് പോലെ ക്രിസ്തുവിനാൽ നിയന്ത്രിക്കപ്പെടാത്ത സഭ മരിച്ചതിനു തുല്യമാണ്. തല എന്ന പരാമർശംവലിയ ആശയങ്ങൾ ഉൾ ക്കൊ ള്ളുന്നു. ഒന്നാമതായിഅത് ഒരു പദവിയാണ്. ക്രിസ്തുവിനു പ്രവർത്തിക്കാനുള്ള ഒരു ഉപാ ധിയായിശരീരമാകുന്ന സഭയെ തലയാകുന്ന ക്രിസ്തു ഉപയോഗിക്കുന്നു എന്നത് സഭയ്ക്കുള്ള ഒരു പദവിയാണ്. ക്രിസ്തുവിന്റെ ശരീരമാണ് സഭ എന്നത് ഒരു മുന്നറിയിപ്പ് കൂടിയാണ്. തലയുടെ നിർദ്ദേശത്തിനു കീഴ്പ്പെടാതെ ഒരുവൻതന്റെശരീരത്തെ ദൈവത്തിനു യോഗ്യമല്ലാത്ത നിലയിൽ ഉപയോഗിച്ചാൽ ശിക്ഷ ലഭിക്കും എന്ന മുന്നറിയിപ്പും ഇവിടെ സൂചനയായി നൽകുന്നു. കൊരിന്ത്യ ലേഖനത്തിലും എഫെസ്യലേഖന ത്തിലും ഇത് കൂടുതൽ വ്യക്തമായി വെളിപ്പെടുത്തിയിട്ടുണ്ട്.

ചുരുക്കത്തിൽ, ആദ്യസൃഷ്ടിയുടെ അധിപതി എന്ന നിലയിൽ ക്രിസ്തുവിന്റെ ദൈവത്വവും ആധികാരികതയും വെളി പ്പടുത്തുന്നു. ദൃശ്യമായതും അദൃശ്യമായതുമായ സകല സൃഷ്ടിക്കും കാരണഭൂതൻ ക്രിസ്തുവാണ്. രണ്ടാമത്തെ സൃഷ്ടിയായ (പുതിയസൃഷ്ടിയായ) സഭയുടെ അധികാരിയും നിയന്ത്രിതാവും ക്രിസ്തുവാണ്. മരണത്തെ ജയിച്ചു ഉയിർത്ത കർത്താവ്ആയിരിക്കയാൽ അവൻ പാപം, മരണം, സാത്താൻ എന്നീ മൂന്നു ശത്രു ക്കളുടെമേലുംജയം പ്രാപിച്ചിരിക്കുന്നു. അപകാരം ക്രിസ്തുസകലത്തിനും ആധാരമായിരിക്കുന്നു.

ക്രിസ്തുവിനെ അവന്റെ മഹത്വം അറിഞ്ഞുആരാധിക്കുവാനും സേവിക്കുവാനും സാധിക്കുക എന്നത് ഏതൊരു വ്യക്തിക്കും ലഭിക്കുന്ന മഹത്തായ ഭാഗ്യമാണ്. ക്രിസ്തുവിന്റെ ദൈവത്വവും മനുഷ്യത്വവും നിഷേധിക്കുന്ന ദുരുപദേശകർ സഭയ്ക്കുള്ളിൽ തന്നെ തല പൊക്കുകയും, ക്രിസ്തുവിനു പകരം മറ്റ് പലതിനെയും ആരാധിക്കുവാൻ ബുദ്ധിയുപദേശിക്കുകയുംചെയ്യുന്ന സാഹചര്യം ഉണ്ടാകുമ്പോൾ, അവയോടു ചെറുത്തു നിന്ന് സകലത്തിനും കാരണ ഭൂതനായ, സകലത്തിനും ആധാരമായ, സകലത്തിന്റെയും സ്രഷ്ടാവായ കർത്താവിനെ മാത്രംആരാധിക്കുവാൻ നാമും ശ്രദ്ധിക്കേതുണ്ട് എന്നതാണ് ഈ വേദഭാഗം നമുക്ക് നൽകുന്ന പ്രബോധനം.

**ലേഖനം, വാർത്തകൾ, ചരമ ഫോട്ടോകൾ ഇവ അയയ്ക്കുന്നവരുടെ ശ്രദ്ധയ്ക്ക്**

**ലേഖനങ്ങളും വാർത്തകളും ഡി.റ്റി.പി.ചെയ്ത്** (Open File)

**ചരമ ഫോട്ടോകൾകളും** cdranni2020@gmail.com **എന്ന വിലാസത്തിൽ അയച്ചാലും.**

വരിസംഖ്യ കുടിശ്ശികയുള്ളവർ മണിയോർഡറുകളായോ. ഗൂഗിൾ പേ (Google Pay No: 9562642509 ) ആയോ അയ്ക്കുവാൻ താല്പര്യപ്പെടുന്നു. *(മാനേജിംഗ് എഡിറ്റർ)*

ആഗസ്റ്റ് - 2023
ഒറ്റ പ്രതി: ₹10
RNI. Reg.No. KERBIL / 2008 / 26466
REGISTERED
Postal Reg. No. KL /PTA/ 89/ 2023-2025
Published on 14th August 2023
Posted on 16th August 2023 at RMS Thiruvalla

**CHRISTHEEYA DARSANAM**
KALLOTH RIVER VIEW
VADASSERIKKARA, PATHANAMTHITTA DIST.
KERALA-689 662
email: **cdranni2020@gmail.com**

ക്രിസ്തീയ ദർശനം
CHRISTHEEYA DARSANAM
ഒരു ബ്രദറൺ സഭാ വാർത്താ പത്രം



# ദൈവത്തിന്റെ വിശ്വസ്തത
## ഒരു പഠനം



**ബെന്നി തോമസ്**

ചിലർ വിശ്വസിച്ചില്ലെങ്കിൽ അവരുടെ അവിശ്വാസത്താൽ ദൈവത്തിന്റെ വിശ്വസ്തയ്ക്ക് നീക്കം വരുമോ? ഒരു നാളും ഇല്ല. (റോമ: 3:3)

**I - ദൈവം വിശ്വസ്തനായി പാർക്കുന്നു (2 തിമോ. 2:13).**

തന്റെ സ്വഭാവം ത്യജിക്കുവാൻ കഴിയുകയില്ല.

**II - അവൻ ഭോഷ്ക് പറയുകയില്ല. (1 ശമു: 15:29)**

ദൈവത്തിന്റെ വചനം വിശ്വാസയോഗ്യമാണ്.

2 തിമേ:2:13

I - ദൈവം വിശ്വസ്തനായി പാർക്കുന്നു.

**ദൈവത്തിന് ചെയ്യാൻ കഴിയാത്ത മൂന്ന് കാര്യങ്ങൾ**

a വ്യാജം പറയുകയില്ല. (തിത്തോ: 1:2)
b തന്റെ സ്വഭാവം ത്യജിക്കാൻ കഴിയുകയില്ല. (2 തിമോ: 2:13)
c ദോഷങ്ങളാൽ പരീക്ഷിക്കുവാൻ കഴിയുകയില്ല. (യാക്കോ: 1:13)

ദൈവത്തിന്റെ വചനം വൃഥാവായി പോകുന്നില്ല. (യെശയ്യാ : 55:11)

ദൈവത്തിന്റെ വചനം ഒഴിഞ്ഞു പോകയില്ല. (മത്താ: 24:35)

**ദൈവത്തിന്റെ വചനം വിശ്വാസത്താലും കേൾവിയാലും വരുന്നു. (റോമ: 10:17)**

വിതയ്ക്കപ്പെട്ട വിത്ത് (മർക്കോ: 4: 14-20)

ദൈവത്തിന്റെ വചനം നല്ല മണ്ണിൽ വിതയ്ക്കപ്പെട്ട വിത്താണ്. (മർക്കോ: 4:20)

വചനം കേൾക്കുകയും അംഗീകരിക്കുകയും ചെയ്യുന്നവൻ- മുപ്പത്,അറുപത്,
നൂറ് മേനി വിളഞ്ഞ് ഫലം കൊടുക്കുന്നു.

**എന്താണ് ഫലം കൊടുക്കാതെ പോകുന്നതിന്റെ 3 പ്രത്യേക സാഹചര്യങ്ങൾ**

1 വഴിയരികെ വിതച്ചത് (മർക്കോ: 4:4)
2 പാറ സ്ഥലത്ത് വിതച്ചത് (മർക്കോ: 4:5)
3 മുള്ളിനിടയിൽ വിതച്ചത് (മർക്കോ: 4:7)

കേട്ട വചനം ഉപകാരപ്രദമായില്ല.(എബ്രാ: 4:2)

യിസ്രായേൽ ഗൃഹം ഏറിയ ജനത്തിനും കേട്ട വചനം ഫലപ്രദമായി തീർന്നില്ല. (എബ്രാ: 3:17-19), കർത്താവിന്റെ വചനം എന്നേക്കും നിലനിൽക്കുന്നതാണ് (1 പത്രോ: 1:25)

**II - അവൻ ഭോഷ്ക് പറയുകയില്ല. (1 ശമു: 15:29)**

യിസ്രായേലിന്റെ മഹത്വമായവൻ ഭോഷ്ക് പറയുകയില്ല. അനുതപിക്കയില്ല. (1 ശമു: 15:26)

നീ യഹോവയുടെ വചനത്തെ തള്ളികളഞ്ഞതുകൊണ്ട് യഹോവ നിന്നെ രാജസ്ഥാനത്തു നിന്ന് തള്ളികളഞ്ഞിരിക്കുന്നു. (1 ശമു: 15:26)

ഭോഷ്ക് ഇല്ലാത്ത ദൈവം (തീത്തോ: 1:2)

വ്യാജം പറയുവാൻ ദൈവം മനുഷ്യനല്ല (സംഖ്യ : 23:29)

**കർത്താവിന്റെ വിശ്വസ്തതയിൽ തുടരണമെങ്കിൽ നാം എന്തു ചെയ്യണം?**

1 കർത്താവിന്റെ തേജസിനെ പ്രതിബിംബിക്കുന്നവരായിരിക്കുന്നവരായിരിക്കുക.
2 കർത്താവിന്റെ സ്വരൂപത്തോട് അനുരൂപരായിരിക്കുക
3 പുതിയ മനുഷ്യൻ തേജസിന്മേൽ തേജസ് ധരിക്കുക. (കൊലോ: 3:10)

കർത്താവിനോട് കൂടെ നടന്ന ശിഷ്യന്മാർക്ക് അതിന് കഴിഞ്ഞില്ല.

എന്നാൽ തേജസ്സ്ക്കരിക്കപ്പെട്ട കർത്താവിനെ കണ്ട ശിഷ്യന്മാർക്ക് അതിനെ പ്രാപിപ്പാൻ കഴിഞ്ഞു. (ലൂക്കോ : 24: 36-49)

**ബ്രദറൺ ഇംഗ്ലീഷ് മീഡിയം സ്കൂൾ, കുമ്പനാട്**
**മോണ്ടിസ്സോറി കെ.ജി. ക്ലാസ്സുകൾ ആരംഭിച്ചിരിക്കുന്നു.**














ക്രിസ്തീയ ദർശനം
അഭിനന്ദനങ്ങൾ

Topper of Fifth Semester
KTU University Examination




DOMINIA REJI
D/o. Evg. E.S. Reji
Mattukatta

ക്രിസ്തീയ ദർശനം
അഭിനന്ദനങ്ങൾ

M Pharm 2nd Rank
Kerala University of Health Sciences



Ms. Gifty Ann Alex
D/o. Evg. Alexander Abraham
Erumakadu




Printed, Published & Owned by Raja K. Thomas and Printed at Rashtra Deepika Press Kottayam, Kerala. Pin: 689662
Published from Raju K. Thomas, Kalloth River View, Vadasserikkara P.O., Pathanamthitta Dist. Kerala 689662, Editor : Saji John